07
2026
ഒക്ടോബർ
ബുധൻ
കന്നി 21

NAUTICAL TIMES
KERALA

The National Daily in Malayalam / English

# നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം | Thiruvananthapuram | web: www. nauticaltimesmedia.com | Volume-7, Issue No. 185 Page 4, | Price: Rs. 2 | പുസ്തകം-7 ലക്കം-184 | പേജ് 4. വില 2.00 രൂപ

ADMISSION STARTED...!! CALL 8281702020
STUDY ANIMATION VFX IN RIGHT CAMPUS!
BSc ANIMATION MSc AND VISUAL EFFECTS
5 STAR Google Rating
MOHANLAL'S VISMAYASMAX ANIMATIONS

02 ▶ 100% മാലിന്യ സംസ്കരണമെന്ന ലക്ഷ്യവുമായി സർക്കാർ
03 ▶ കേരള ടെക് ബ്രാൻഡ്, ഐടി പാർക്ക് അഫിലിയേഷൻ പദ്ധതികൾക്ക് തുടക്കം
04 ▶ ഇന്ത്യാ സഖ്യത്തിൻെറ പ്രതിഷേധം; ഇടത് എംപിമാരെ കസ്റ്റഡിയിലെടുത്തു

# മത്സ്യത്തൊഴിലാളികൾക്ക് പ്രത്യേക ഭവനപദ്ധതി

തിരുവനന്തപുരം: ഭവനരഹിതരായ എല്ലാ മത്സ്യത്തൊഴിലാളികൾക്കും വീട് ലഭ്യമാക്കുമെന്നും ഇതിനായി പ്രത്യേക ഭവനനിർമാണ പദ്ധതി ആവിഷ്കരിക്കുമെന്നും മുഖ്യമന്ത്രി വി.ഡി സതീശൻ. സംസ്ഥാന സർക്കാരിന്റെ നൂറുദിന കർമപരിപാടിയുടെ ഭാഗമായി ഫിഷറീസ് വകുപ്പിന് കീഴിലുള്ള സൊസൈറ്റി ഫോർ അസിസ്റ്റൻസ് ടു ഫിഷർ വിമൺ (സാഫ്)- ന്റെ ആഭിമുഖ്യത്തിൽ തിരുവനന്തപുരം ജിമ്മി ജോർജ് ഇൻഡോർ സ്റ്റേഡിയത്തിൽ വനിതാ മത്സ്യത്തൊഴിലാളികൾക്കുള്ള ഇലക്ട്രിക് സ്കൂട്ടറുകളുടെ വിതരണവും വനിതാ മത്സ്യത്തൊഴിലാളി സംരംഭകരുടെ സംഗമവും ഉദ്ഘാടനം ചെയ്യുകയായിരുന്നു മുഖ്യമന്ത്രി.



വനിതാ മത്സ്യത്തൊഴിലാളികളെ ആരെയും ആശ്രയിക്കാതെ സ്വന്തമായി വരുമാനമുണ്ടാക്കി സാമ്പത്തിക ഭദ്രത കൈവരിക്കാൻ പ്രാപ്തരാക്കുകയാണ് സർക്കാരിന്റെ ലക്ഷ്യമെന്നും അവരെ സ്വയം പര്യാപ്തരാക്കുന്നതിന് വിവിധ പദ്ധതികൾ നടപ്പാക്കിവരികയാണെന്നും മുഖ്യമന്ത്രി പറഞ്ഞു.

കേരളത്തിലെ 600 കിലോമീറ്റർ തീരദേശത്തെ വലിയൊരു തുറമുഖ നഗരമാക്കി വികസിപ്പിക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. വിഴിഞ്ഞം ഉൾപെടെയുള്ള തുറമുഖങ്ങളിൽ പ്രാദേശിക മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ ചെറുപ്പക്കാർക്ക് തൊഴിൽ സംവരണം ഉറപ്പാക്കും.

തീരദേശ നിവാസികളുടെ ബുദ്ധിമുട്ടുകൾ പരിഹരിച്ച് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണെന്നും മുഖ്യമന്ത്രി പറഞ്ഞു. നൂറുദിന കർമപരിപാടിയിൽ ഉൾപെടുത്തി വനിതാ മത്സ്യത്തൊഴിലാളികൾക്കായി വിവിധ പദ്ധതികൾ പൂർത്തിയാക്കിയ ഫിഷറീസ് വകുപ്പിനെയും മന്ത്രിയെയും അദ്ദേഹം അഭിനന്ദിച്ചു.

## തുറമുഖങ്ങളിൽ മൂന്നാം നമ്പർ ജാഗ്രതാ സിഗ്നൽ തുടരും

കേരള, കർണാടക തീരങ്ങളിൽ ശക്തമായ കാറ്റിന് സാധ്യതയുള്ളതിനാൽ കേരളത്തിലെ തുറമുഖങ്ങളിൽ ലോക്കൽ കാഷനറി സിഗ്നൽ നമ്പർ കകക (മൂന്നാം നമ്പർ ജാഗ്രതാ സിഗ്നൽ) തുടർന്നും ഉയർത്തി നിർത്താൻ ഇന്ത്യൻ കാലാവസ്ഥ വകുപ്പ് നിർദേശം നൽകി.

കാസർഗോഡ്, കണ്ണൂർ, തലശ്ശേരി, കോഴിക്കോട്, ബേപ്പൂർ, പൊന്നാനി, അഴീക്കൽ, കൊച്ചി, ആലപ്പുഴ, നീണ്ടകര (കൊല്ലം), തിരുവനന്തപുരം തുറമുഖങ്ങളിലാണ് മൂന്നാം നമ്പർ ജാഗ്രതാ സിഗ്നൽ തുടരുന്നത്.

മത്സ്യത്തൊഴിലാളികളും ചെറുവള്ളം, ബോട്ട് എന്നിവയുടെ ഉടമകളും കേരളം, കർണാടക തീരങ്ങളിൽ നിലവിലുള്ള കാലാവസ്ഥാ മുന്നറിയിപ്പുകൾ കർശനമായി പാലിക്കണമെന്നും കടലിൽ പോകുന്നതിന് മുമ്പ് ഏറ്റവും പുതിയ മുന്നറിയിപ്പുകൾ പരിശോധിക്കണമെന്നും അധികൃതർ അറിയിച്ചു.

## കെഎസ്ആർടിസി ഇനി ചരക്കുമായും കുതിക്കും; കാർഗോ സേവനം ബുധനാഴ്ച മുതൽ

തിരുവനന്തപുരം: ടിക്കറ്റ് ഇതര വരുമാനം വർധിപ്പിക്കുന്നതിൻറെ ഭാഗമായി കെഎസ്ആർടിസി കാർഗോ സേവനങ്ങൾ ആരംഭിക്കുന്നു. നിലവിൽ വിജയകരമായി നടപ്പാക്കിവരുന്ന ലോജിസ്റ്റിക് സംവിധാനം കൂടുതൽ വിപുലീകരിക്കുന്നതിൻറെ ഭാഗമായാണ് പുതിയ സംരംഭം.

കാർഗോ സർവീസിൻറെ ഫ്ലാഗ് ഓഫ് ബുധനാഴ്ച ഉച്ചയ്ക്ക് 12.30ന് തിരുവനന്തപുരം ഡൊമസ്റ്റിക് എയർപോർട്ട് കാർഗോ ടെർമിനലിൽ മന്ത്രി സി.പി.ജോൺ നിർവഹിക്കും. രാജ്യത്തെ വിവിധ സംസ്ഥാന റോഡ് ട്രാൻസ്പോർട്ട് കോർപറേഷനുകൾ വിജയകരമായി നടപ്പാക്കുന്ന കാർഗോ സേവനങ്ങളുടെ മാതൃക പഠിച്ചാണ് കെഎസ്ആർടിസി ഈ മേഖലയിലേക്ക് കടക്കുന്നത്. ലോജിസ്റ്റിക് രംഗത്തെ പ്രവർത്തനം വിപുലീകരിക്കുന്നതിലൂടെ വരുമാന സ്രോതസുകൾ വർധിപ്പിക്കുകയാണ് ലക്ഷ്യം. ചടങ്ങിൽ വാർഡ് കൗൺസിലർ ഷീബ പാട്രിക് അധ്യക്ഷത വഹിക്കും. ഡോ.ശശി തരൂർ എംപി, ഗതാഗത വകുപ്പ് സെക്രട്ടറി ടി.വി. അനുപമ തുടങ്ങിയവർ പങ്കെടുക്കും.

## ആർ. സുഗതൻ ജയിൽ മോചിതനായി

തൃശൂർ: കാപ്പ ചുമത്തിയ ജില്ലാ കളക്ടറുടെ ഉത്തരവ് ഹൈക്കോടതി റദ്ദാക്കിയതിന് പിന്നാലെ ജയിൽ മോചിതനായ ബിജെപി കൗൺസിലർ ആർ. സുഗതനെ സ്വീകരിക്കാൻ കേന്ദ്രമന്ത്രി സുരേഷ് ഗോപിയെത്തി. പ്രവർത്തകർ മുദ്രാവാക്യങ്ങളോടെയാണ് സുഗതനെ സ്വീകരിച്ചത്.

സുഗതൻറെ ഭാര്യയും മകനും വിയൂർ ജയിലിൽ എത്തിയിരുന്നു. ഇതൊരു രാഷ്ട്രീയ കേസാണെന്ന് എല്ലാവർക്കും അറിയാമെന്നും ജനകീയ സമരത്തിൽ പങ്കെടുത്തതിനാണ് കേസ് ചുമത്തിയതെന്നും പുറത്തിറങ്ങിയ ശേഷം സുഗതൻ പറഞ്ഞു.

ഒരു പൊലിസുകാരൻ വിചാരിച്ചാൽ അകത്ത് കിടക്കേണ്ടി വരും എന്നതിൻറെ തെളിവാണിതെന്നും ജനങ്ങൾക്ക് വേണ്ടി മാത്രമേ ഇടപെട്ടിട്ടുള്ളൂവെന്നും സുഗതൻ വ്യക്തമാക്കി. നാട്ടിലെ ജനങ്ങൾക്ക് വേണ്ടി ഇനിയും ജയിൽവാസത്തിന് തയാറാണെന്നും തന്നോടൊപ്പം നിന്ന വീട്ടുകാർക്കും പാർട്ടി പ്രവർത്തകർക്കും നന്ദിയുണ്ടെന്നും സുഗതൻ അറിയിച്ചു.

## വിഴിഞ്ഞം മത്സ്യബന്ധന തുറമുഖം: സർക്കാരിനെ അനുമോദിച്ച് മുൻ മന്ത്രി

തിരുവനന്തപുരം: വിഴിഞ്ഞം മത്സ്യബന്ധന തുറമുഖത്തിന്റെ ഒന്നാംഘട്ട നിർമാണത്തിന് ഭരണാനുമതി നൽകിയ യു.ഡി.എഫ് സർക്കാരിനെ മുൻ ഫിഷറീസ്തുറമുഖ മന്ത്രി കെ. ബാബു അനുമോദിച്ചു. തുറമുഖ മന്ത്രി കൂടിയായ മുഖ്യമന്ത്രി വി.ഡി. സതീശനെയും അദ്ദേഹം പ്രത്യേകം അഭിനന്ദിച്ചു.

വിഴിഞ്ഞത്തെ മത്സ്യത്തൊഴിലാളികൾക്ക് ഏറെ പ്രയോജനകരമായ മത്സ്യബന്ധന തുറമുഖത്തിന്റെ നിർമാണം വൈകാൻ കാരണം എൽ.ഡി.എഫ് സർക്കാരിന്റെ പത്ത് വർഷത്തെ കുറ്റകരമായ അനാസ്ഥയാണെന്ന് കെ. ബാബു കുറ്റപ്പെടുത്തി. വിഴിഞ്ഞം തുറമുഖ നിർമാണ ഘട്ടത്തിൽ ഉമ്മൻചാണ്ടി സർക്കാർ തീരുമാനിച്ച പാക്കേജ് നടപ്പാക്കാതിരുന്നതും എൽ.ഡി.എഫ് സർക്കാരിന്റെ മത്സ്യത്തൊഴിലാളി വിരുദ്ധ നിലപാടിന്റെ ഉദാഹരണമാണ്.

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുടെ ഭാഗമായി മത്സ്യബന്ധന തുറമുഖം നിർമിക്കണമെന്നത് 2014-ലെ പരിസ്ഥിതി അനുമതിയിലെ വ്യവസ്ഥയായിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ സ്വകാര്യ പങ്കാളിയെ കണ്ടെത്തുന്നതിനായി നടത്തിയ ടെൻഡറിൽ നിശ്ചിത തുകയ്ക്ക് തിരഞ്ഞെടുക്കപ്പെടുന്ന ബിഡ്ഡർ മത്സ്യബന്ധന തുറമുഖവും നിർമിക്കണമെന്ന വ്യവസ്ഥ ഉൾപ്പെടുത്തിയിരുന്നു. തുടർന്ന് 2015-ൽ കേരള സർക്കാർ അദാനിയുമായി ഒപ്പുവച്ച കരാർ പ്രകാരം മത്സ്യബന്ധന തുറമുഖത്തിന്റെ നിർമാണവും അദാനി വിഴിഞ്ഞം പോർട്ട് കമ്പനിയുടെ ഉത്തരവാദിത്വമായിരുന്നു. 2019-ൽ തുറമുഖ നിർമാണം പൂർത്തിയാകുമ്പോൾ മത്സ്യബന്ധന തുറമുഖത്തിന്റെയും നിർമാണം പൂർത്തിയാക്കണമെന്നായിരുന്നു വ്യവസ്ഥ.

എന്നാൽ എൽ.ഡി.എഫ് സർക്കാർ അധികാരത്തിലെത്തിയ ശേഷം പുതിയ പഠനം ആവശ്യമാണെന്ന് ചൂണ്ടിക്കാട്ടി മത്സ്യബന്ധന തുറമുഖം അദാനി നിർമിക്കേണ്ടതില്ലെന്ന് അറിയിച്ച് കമ്പനിക്ക് കത്ത് നൽകുകയായിരുന്നു. തുടർന്നുള്ള പത്ത് വർഷത്തിനിടെ പഠനങ്ങൾ പൂർത്തിയാക്കി നിർമാണം ആരംഭിക്കാൻ സർക്കാർ ഗൗരവമായ ശ്രമം നടത്തിയില്ല.

തുറമുഖ പദ്ധതിയുമായി താരതമ്യം ചെയ്യുമ്പോൾ വളരെ ചുരുങ്ങിയ കാലയളവിൽ പരിഹരിക്കാവുന്ന വിഷയമായിരുന്നു ഇതെന്നും റോഡ്റെയിൽ കണക്ടിവിറ്റിയുടെ കാര്യത്തിലെന്നപോലെ ഇവിടെയും എൽ.ഡി.എഫ് സർക്കാർ അനാവശ്യമായ കാലതാമസം വരുത്തിയെന്നും കെ. ബാബു പറഞ്ഞു.

## ഹോർമുസിൽ മിസൈൽ ആക്രമണം; 11 ഇന്ത്യൻ നാവികർക്ക് പരിക്ക്

ന്യൂഡൽഹി: പശ്ചിമേഷ്യയിൽ സംഘർഷം രൂക്ഷമാകുന്നതിനിടെ ഹോർമുസ് കടലിടുക്കിൽ ഇന്ധന ടാങ്കറിന് നേരെ വീണ്ടും മിസൈൽ ആക്രമണം. ഒമാൻ തീരത്തോട് ചേർന്ന് പനാമ പതാക വഹിച്ച എംടി ഓൺ പീസ് എന്ന വാണിജ്യ കപ്പലിന് നേരെയായിരുന്നു ആക്രമണം. സംഭവത്തിൽ 12 നാവികർക്ക് പരിക്കേറ്റു.

ഇതിൽ 11 പേരും ഇന്ത്യക്കാരാണ്. 19 ജീവനക്കാരാണ് കപ്പലിലുണ്ടായിരുന്നത്. ഇതിൽ 17 പേർ ഇന്ത്യൻ പൗരന്മാരായിരുന്നു. ആക്രമണത്തിൽ പരിക്കേറ്റ 12 പേരെയും ഒമാനിലെ ആശുപത്രിയിൽ പ്രവേശിപ്പിച്ച് ചികിത്സ ഉറപ്പാക്കിയതായി മസ്കറ്റിലെ ഇന്ത്യൻ എംബസി അറിയിച്ചു. ഒമാൻ നാവികസേനയുടെ സഹായത്തോടെ അൽ കസബയിലാണ് പരിക്കേറ്റ നാവികരെ എത്തിച്ചത്. കപ്പലിന് നേരെയുണ്ടായ ആക്രമണത്തെ ഇന്ത്യ ശക്തമായി അപലപിച്ചു. നാവികരെ സുരക്ഷിതമായി ഒഴിപ്പിക്കാൻ സഹായിച്ച ഒമാൻ അധികൃതർക്ക് ഇന്ത്യ നന്ദി അറിയിക്കുകയും ചെയ്തു. അന്താരാഷ്ട്ര സമുദ്രപാതകളിലൂടെ സഞ്ചരിക്കുന്ന വാണിജ്യ കപ്പലുകൾക്കും നാവികർക്കും സിവിലിയൻ അടിസ്ഥാന സൗകര്യങ്ങൾക്കും നേരെയുണ്ടാകുന്ന തുടർച്ചയായ ആക്രമണങ്ങൾ അതീവ ആശങ്കാജനകമാണെന്ന് വിദേശകാര്യ മന്ത്രാലയ വക്താവ് രൺധീർ ജയ്സ്വാൾ പറഞ്ഞു.

## നാല് ജില്ലകളിൽ അടുത്ത മൂന്ന് മണിക്കൂറിൽ അതിശക്തമായ മഴ

തിരുവനന്തപുരം: സംസ്ഥാനത്ത് നാല് ജില്ലകളിൽ അടുത്ത മൂന്ന് മണിക്കൂറിൽ അതിശക്തമായ മഴയ്ക്കും കാറ്റിനും സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പിൻറെ മുന്നറിയിപ്പ്. തിരുവനന്തപുരം, കോഴിക്കോട്, കണ്ണൂർ, വയനാട് ജില്ലകളിലാണ് മുന്നറിയിപ്പുള്ളത്.

നാല് ജില്ലകളിലും ഓറഞ്ച് അലർട്ട് പ്രഖ്യാപിച്ചിട്ടുണ്ട്. ഈ ജില്ലകളിൽ ഒറ്റപ്പെട്ടയിടങ്ങളിൽ ഇടിമിന്നലോട് കൂടിയ ഇടത്തരം മഴയ്ക്കും മണിക്കൂറിൽ 50 കിലോമീറ്റർ വരെ വേഗതയിൽ വീശിയടിച്ചേക്കാവുന്ന ശക്തമായ കാറ്റിനും സാധ്യതയുണ്ടെന്ന് ദുരന്തനിവാരണ അതോറിറ്റി അറിയിച്ചു. മഴയ്ക്കൊപ്പം ശക്തമായ കാറ്റിനും ഇടിമിന്നലിനും സാധ്യതയുള്ളതിനാൽ പൊതുജനങ്ങളും തീരദേശവാസികളും ജാഗ്രത പാലിക്കണമെന്ന് അധികൃതർ നിർദേശിച്ചു.

## ശുദ്ധജല മത്സ്യങ്ങളിലും മൈക്രോപ്ലാസ്റ്റിക്; കേരളത്തിനും മുന്നറിയിപ്പ്

പൂനെ: കടൽമത്സ്യങ്ങളിൽ മാത്രമല്ല, ശുദ്ധജല മത്സ്യങ്ങളിലും മൈക്രോപ്ലാസ്റ്റിക് മലിനീകരണത്തിന്റെ സാന്നിധ്യം കണ്ടെത്തിയത് മത്സ്യം വ്യാപകമായി ഉപയോഗിക്കുന്ന കേരളത്തിലും ആശങ്ക ഉയർത്തുന്നു. പൂനെയിലെ എംഐടി വേൾഡ് പീസ് യൂണിവേഴ്സിറ്റി നടത്തിയ പഠനത്തിലാണ് റോഹു, തിലാപ്പിയ തുടങ്ങിയ സാധാരണ ഉപയോഗിക്കുന്ന ശുദ്ധജല മത്സ്യങ്ങളിൽ മൈക്രോപ്ലാസ്റ്റിക് കണങ്ങൾ കണ്ടെത്തിയത്. മത്സ്യങ്ങളിലെ നാരുകൾ, കഷണങ്ങൾ, പെല്ലറ്റുകൾ തുടങ്ങിയ മൈക്രോപ്ലാസ്റ്റിക് കണങ്ങളാണ് പരിശോധനയിൽ കണ്ടെത്തിയത്.

കേരളത്തിലെ മത്സ്യങ്ങളിൽ മൈക്രോപ്ലാസ്റ്റിക് സാന്നിധ്യം ഈ പഠനം പരിശോധിച്ചിട്ടില്ലെങ്കിലും, മത്സ്യ ഉപഭോഗം കൂടുതലുള്ള സംസ്ഥാനമായ കേരളത്തിലും ശുദ്ധജല ആവാസ വ്യവസ്ഥകളിലെ പ്ലാസ്റ്റിക് മലിനീകരണം നിരീക്ഷിക്കേണ്ടതിന്റെ പ്രാധാന്യം പഠനം ചൂണ്ടിക്കാട്ടുന്നു.






പൂനെയിലെ 26 മൊത്ത വ്യാപാരികളെയും വിതരണക്കാരെയും കേന്ദ്രീകരിച്ച പഠനത്തിൽ പ്രതിദിനം 3740 ടൺ ശുദ്ധജല മത്സ്യം നഗരത്തിലെത്തുന്നതായും കണ്ടെത്തി. ആഴ്ചയിൽ രണ്ടു തവണ 250 ഗ്രാം വീതം മത്സ്യം കഴിക്കുന്ന ഒരാൾക്ക് 50 വർഷത്തിനിടെ 93,600 മുതൽ 1,24,800 വരെ മൈക്രോപ്ലാസ്റ്റിക് കണങ്ങൾ ശരീരത്തിലെത്താൻ സാധ്യതയുണ്ടെന്നാണ് പഠനത്തിന്റെ പ്രാഥമിക വിലയിരുത്തൽ. ആരോഗ്യപ്രത്യാഘാതങ്ങൾ സംബന്ധിച്ച് കൂടുതൽ പഠനം ആവശ്യമാണെന്നും ഗവേഷകർ വ്യക്തമാക്കി.





കെഎസ്ആർടിസി ബസ് ടെർമിനലുകളിൽ സാനിറ്ററി നാപ്കിൻ വെൻഡിംഗ് മെഷീനിന്റെയും ഇൻസിനറേറ്ററിന്റെയും പ്രവർത്തനോദ്ഘാടനം മന്ത്രി ബിന്ദു കൃഷ്ണ നിർവഹിക്കുന്നു

# ലോക ഹൃദയദിനാചരണം : സംസ്ഥാനതല ഉദ്ഘാടനം മന്ത്രി കെ. മുരളീധരൻ നിർവഹിക്കും

മാറിവരുന്ന ജീവിതശൈലികളും മാനസിക സമ്മർദങ്ങളും ഹൃദയാരോഗ്യത്തെ ബാധിക്കുന്ന ഇന്നത്തെ കാലഘട്ടത്തിൽ പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാന ആരോഗ്യ വകുപ്പ് വിപുലമായ പരിപാടികൾ സംഘടിപ്പിക്കുന്നു. 'ഹൃദയം നൽകുന്ന സൂചനകൾ അവഗണിക്കരുത്' എന്ന സന്ദേശവുമായി ഈ വർഷത്തെ ലോക ഹൃദയദിനാചരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം ഒക്ടോബർ രണ്ടിന് തിരുവനന്തപുരം മഹാത്മാ അയ്യങ്കാളി ഹാളിൽ നടക്കും.

രാവിലെ 8.30ന് നടക്കുന്ന പൊതുസമ്മേളനം ആരോഗ്യ വകുപ്പ് മന്ത്രി കെ. മുരളീധരൻ ഉദ്ഘാടനം ചെയ്യും. മേയർ വി.വി. രാജേഷ് ചടങ്ങിൽ അധ്യക്ഷത വഹിക്കും. ആരോഗ്യ കുടുംബക്ഷേമ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഡോ. ഷർമിള മേരി ജോസഫ്, ആരോഗ്യകേരളം സ്റ്റേറ്റ് മിഷൻ ഡയറക്ടർ ഡോ. രേണു രാജ്, ആരോഗ്യവകുപ്പ് ഡയറക്ടർ ഡോ. വി. മീനാക്ഷി എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകും.

ദിനാചരണത്തോടനുബന്ധിച്ച് രാവിലെ മുതൽ വിവിധ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്:

കൂട്ടയോട്ടവും സൈക്കിൾ റാലിയും (രാവിലെ ഏഴിന്): കനകക്കുന്നിൽ നിന്നും ആരംഭിച്ച് പാളയം മഹാത്മാ അയ്യങ്കാളി ഹാൾ വരെ നടത്തുന്ന റാലി തിരുവനന്തപുരം ഡെപ്യൂട്ടി പോലീസ് കമ്മിഷണർ കെ. എസ്. ഷഹൻഷാ ഫ്ലാഗ് ഓഫ് ചെയ്യും.

ബോധവൽക്കരണ സെമിനാർ (രാവിലെ എട്ടിന്): ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസ് & ടെക്നോളജിയിലെ കാർഡിയോളജി പ്രൊഫസർ ഡോ. ഹരികൃഷ്ണൻ. എസ് ബോധവൽക്കരണ സെമിനാർ നയിക്കും. പരിശീലന പരിപാടികൾ (രാവിലെ ഒൻപത് മുതൽ): പൊതുജനങ്ങൾക്കായി സി.പി.ആർ പരിശീലനവും യോഗ പരിശീലനവും ഉണ്ടായിരിക്കും.

ചിട്ടയായ ഭക്ഷണരീതി, ദിവസേനയുള്ള വ്യായാമം, കൃത്യമായ ഉറക്കം എന്നിവയിലൂടെ ഹൃദയാരോഗ്യം സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത പൊതുജനങ്ങളിലേക്ക് എത്തിക്കുകയാണ് ലക്ഷ്യം.

## സെൻട്രൽ ലൈബ്രറിയിൽ ഇ–പേയ്മെന്റ് ; ടെക്നോപാർക്കിൽ ശാഖ

സ്റ്റേറ്റ് സെൻട്രൽ ലൈബ്രറിയിൽ സ്മാർട്ട് കാർഡ് ഇ-പേയ്മെന്റ് സംവിധാനം നിലവിൽ വരുന്നു. ടെക്നോപാർക്കിൽ സെൻട്രൽ ലൈബ്രറിയുടെ പുതിയ ശാഖയ്ക്കും തുടക്കമാകുന്നു. ഈ രണ്ട് പദ്ധതികളുടെയും ഉദ്ഘാടനം ഒക്ടോബർ ഏഴിന് ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി റോജി എം ജോൺ നിർവഹിക്കും. ടെക്നോപാർക്കിൽ 12.30 നാണ് ഉദ്ഘാടന ചടങ്ങ്. ഉദ്ഘാടനത്തോടനുബന്ധിച്ച് സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി ഒക്ടോബർ ഏഴിന് രാവിലെ 11 മുതൽ വൈകിട്ട് മൂന്ന് വരെ പ്രവർത്തിക്കില്ല.

## സേഫ് പദ്ധതിയിലേക്ക് അപേക്ഷിക്കാം

പട്ടികജാതി വിഭാഗക്കാരുടെ ഭവന പൂർത്തീകരണവും പുനരുദ്ധാരണവും ലക്ഷ്യമിട്ടുള്ള സേഫ് പദ്ധതിയിലേക്ക് അപേക്ഷ ക്ഷണിച്ചു. 2006 ഏപ്രിൽ ഒന്നിന് ശേഷം പൂർത്തികരിച്ച വീടുകളും, 1000 ചതുരശ്ര അടി വരെ വിസ്തീർണ്ണമുള്ള വീടുകളും (ഇരുനില വീടുകൾ ഉൾപ്പെടെ) സേഫ് പദ്ധതിയിൽ ഉൾപ്പെടുത്തും. വരുമാന പരിധി ഒരു ലക്ഷം രൂപയും ധനസഹായത്തുക രണ്ട് ലക്ഷം രൂപയുമാണ്. മുൻഗണനാക്രമം പാലിച്ച് ഗുണഭോക്താക്കളെ തിരഞ്ഞെടുക്കും. അപേക്ഷ അതത് ബ്ലോക്ക്, മുൻസിപ്പാലിറ്റി, കോർപ്പറേഷൻ, പട്ടികജാതി വികസന ഓഫീസുകളിൽ നൽകണം. അപേക്ഷ സ്വീകരിക്കുന്ന അവസാന തിയതി ഒക്ടോബർ 31. വിവരങ്ങൾക്ക് 0471 2737245, 2737246.

പി.എൻ.എക്സ്. 4161/2026

കെടാവിളക്ക് സ്കോളർഷിപ്പ് അപേക്ഷാ തീയതി നീട്ടി

സർക്കാർ / എയ്ഡഡ് സ്കൂളുകളിലെ ഒന്ന് മുതൽ എട്ട് വരെ ക്ലാസ്സുകളിൽ പഠിക്കുന്ന ഒ.ബി.സി വിഭാഗം വിദ്യാർഥികൾക്ക് സ്കോളർഷിപ്പ് അനുവദിക്കുന്ന 'കെടാവിളക്ക്' സ്കോളർഷിപ്പിന്റെ അവസാന തീയതി ഒക്ടോബർ 15 വരെ നീട്ടി. സ്കൂളിൽ നിന്നും ംംം.ലഴൃമിേ.സല്യമഹമ.ഴീ.ശി എന്ന പോർട്ടലിലൂടെ ഡാറ്റ എൻട്രി നടപടി പൂർത്തിയാക്കാം. വിവരങ്ങൾക്ക് പിന്നാക്ക വിഭാഗ വികസന വകുപ്പിന്റെ മേഖലാ ഓഫീസുകളിൽ ബന്ധപ്പെടണം.

## പ്രിയദർശിനി കാരണം രക്ഷയില്ല; സ്വകാര്യ ബസുടമകളുടെ സെക്രട്ടേറിയറ്റ് മാർച്ച് 14ന്

തൃശൂർ: പ്രിയദർശിനി പദ്ധതിമൂലം പ്രതിസന്ധിയിലായ സ്വകാര്യബസുകളെ സംരക്ഷിക്കണമെന്നാവശ്യപ്പെട്ട് ഉടമകൾ പ്രതിഷേധത്തിലേക്ക്. സമരത്തിൻറെ ആദ്യപടിയായി 14ന് സംസ്ഥാനത്തെ സ്വകാര്യ ബസുടമകൾ സെക്രട്ടേറിയറ്റിലേക്ക് മാർച്ച് നടത്തും. കേരള സ്റ്റേറ്റ് പ്രൈവറ്റ് ബസ് ഓപ്പറേറ്റേഴ്സ് ഫെഡറേഷൻറെ നേതൃത്വത്തിലാണ് പ്രതിഷേധ മാർച്ച്. പ്രിയദർശിനി പദ്ധതി മൂലം ബസുടമകളും ജീവനക്കാരും നേരിടുന്ന സാമ്പത്തിക പ്രതിസന്ധിക്ക് പരിഹാരം കാണണമെന്നാണ് സംഘടനയുടെ പ്രധാന ആവശ്യം. പ്രവർത്തനച്ചെലവിന് ആനുപാതികമായി ബസ് ചാർജ് വർധിപ്പിക്കണമെന്നും വിദ്യാർഥികളുടെ കൺസഷൻ നിരക്കിലും വർധന വരുത്തണമെന്നുമാണ് ഫെഡറേഷൻ ആവശ്യപ്പെടുന്നത്.

## സൈക്കിൾ തട്ടി നായ ചത്താലും ഒത്തുകളിയെന്ന് പറയും; പിണറായിയെ പരിഹസിച്ച് രമേശ് ചെന്നിത്തല

തിരുവനന്തപുരം: പ്രതിപക്ഷ നേതാവ് പിണറായി വിജയനെയും സിപിഎം സംസ്ഥാന സെക്രട്ടറി എം.വി. ഗോവിന്ദനെയും പരിഹസിച്ച് മന്ത്രി രമേശ് ചെന്നിത്തല. ബിജെപി–കോൺഗ്രസ് ഒത്തുകളിയെന്ന എൽഡിഎഫ് ആരോപണത്തിനെതിരെയാണ് ചെന്നിത്തല രംഗത്തെത്തിയത്.

സംസ്ഥാനത്ത് എന്ത് സംഭവിച്ചാലും ബിജെപി–കോൺഗ്രസ് ഒത്തുകളിയാണെന്ന് പറയുന്ന അവസ്ഥയിലാണ് എൽഡിഎഫ് നേതാക്കളെന്ന് അദ്ദേഹം പരിഹസിച്ചു. സൈക്കിൾ തട്ടി നായ ചത്താൽ പോലും ബിജെപി–കോൺഗ്രസ് ഒത്തുകളിയാണെന്ന് പറയുന്ന നിലയിലേക്കാണ് ഇടത് നേതാക്കൾ എത്തിയിരിക്കുന്നത്.

നരേന്ദ്ര മോദിയുടെയും അമിത് ഷായുടെയും പേര് ഉച്ചരിക്കാൻ ഭയപ്പെട്ടിരുന്ന പിണറായി വിജയനാണ് ഇപ്പോൾ കോൺഗ്രസിനെതിരെ ഒത്തുകളി ആരോപണം ഉന്നയിക്കുന്നതെന്നും അദ്ദേഹം വിമർശിച്ചു. ഇടത് നേതാക്കളുടെ ആരോപണങ്ങളെല്ലാം ഉണ്ടയില്ലാ വെടി മാത്രമാണെന്ന് ജനങ്ങൾക്ക് അറിയാം.

സംസ്ഥാനത്ത് യാതൊരു തരത്തിലുള്ള ഒത്തുകളിയും നടന്നിട്ടില്ലെന്നും അതിൻറെ ആവശ്യമില്ലെന്നും അദ്ദേഹം വ്യക്തമാക്കി.

മുമ്പ് ഒത്തുകളി നടത്തിയവരാണ് ഇപ്പോൾ ആരോപണവുമായി രംഗത്തെത്തുന്നത്. എന്തുപറഞ്ഞാലും ഇപ്പോൾ ഒത്തുകളിയാണെന്നാണ് ഇവരുടെ വാദം. സ്വന്തം പാപം കഴുകിക്കളയാൻ ഒത്തുകളിച്ചവർ ഞങ്ങളെ കൂട്ടുപിടിക്കേണ്ടതില്ലെന്നും ചെന്നിത്തല പറഞ്ഞു.

## നെറ്റ് പരിശീലനം : അപേക്ഷ ക്ഷണിച്ചു

സംസ്ഥാന ന്യൂനപക്ഷക്ഷേമ വകുപ്പ് മുഖേന സർക്കാർ/എയ്ഡഡ് കോളേജുകൾ/യൂണിവേഴ്സിറ്റികളിൽ നാലുവർഷ ബിരുദം, ബിരുദാനന്തര ബിരുദത്തിന് പഠിക്കുന്നവരോ പഠനം പൂർത്തിയായവരോ ആയ ന്യൂനപക്ഷ വിഭാഗങ്ങളിൽപ്പെട്ട വിദ്യാർഥികൾക്ക് (മുസ്ലിം, ക്രിസ്ത്യൻ, സിഖ്, ബുദ്ധ, ജൈന, പാഴ്സി) യുജിസി / സിഎസ്ഐആർ – നെറ്റ് പരീക്ഷാ പരിശീലനം സംഘടിപ്പിക്കുന്നതിന് താത്പര്യമുള്ള കോളജുകളിൽ നിന്നും അപേക്ഷ ക്ഷണിച്ചു. ഒരു ബാച്ചിന് 12 ദിവസങ്ങളിലായി 72 മണിക്കൂർ പരിശീലനം നൽകുന്നതിന് 80,000 രൂപ അനുവദിക്കും. അപേക്ഷ ഫോമിന്റെ മാതൃക mwdscholarship.kerala.gov.in ൽ ലഭിക്കും. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ഒക്ടോബർ 31. വിലാസം: ഡയറക്ടർ, ന്യൂനപക്ഷ ക്ഷേമ വകുപ്പ്, നാലാംനില, വികാസ് ഭവൻ, തിരുവനന്തപുരം–33. ഫോൺ: 0471 2300524, 0471–2302090.

## 100% മാലിന്യ സംസ്കരണമെന്ന ലക്ഷ്യവുമായി ബൃഹദ് ക്യാമ്പയിന് തുടക്കമിട്ട് സർക്കാർ

*ഔദ്യോഗിക ഉദ്ഘാടനം ഒക്ടോബർ രണ്ടിന് മുഖ്യമന്ത്രി നിർവഹിക്കും

സംസ്ഥാനത്തെ സമ്പൂർണ ശുചിത്വത്തിലേക്ക് നയിക്കുന്നതിന് അഞ്ച് വർഷം നീണ്ടുനിൽക്കുന്ന 'നിർമലം' – പുതുയുഗ ശുചിത്വ കേരളം ക്യാമ്പയിന് തുടക്കമാകുന്നു. ജനകീയ പങ്കാളിത്തത്തോടെ നടപ്പാക്കുന്ന പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം ഒക്ടോബർ രണ്ടിന് എറണാകുളം നോർത്ത് പറവൂരിലെ സണ്ണി കൺവെൻഷൻ സെന്ററിൽ മുഖ്യമന്ത്രി വി.ഡി. സതീശൻ നിർവഹിക്കും. മാലിന്യസംസ്കരണത്തിൽ രാജ്യത്തെ മാതൃകാ സംസ്ഥാനമായി കേരളത്തെ മാറ്റിയെടുക്കുകയാണ് ലക്ഷ്യമെന്ന് തദ്ദേശസ്വയംഭരണവകുപ്പ് മന്ത്രി കെ എം ഷാജി സെക്രട്ടേറിയറ്റിലെ പി ആർ ചേംബറിൽ നടന്ന വാർത്താ സമ്മേളനത്തിൽ പറഞ്ഞു.

2031 മാർച്ച് 30–ലെ സീറോ വേസ്റ്റ് ദിനത്തിൽ കേരളത്തെ സമ്പൂർണ മാലിന്യ വിമുക്ത സംസ്ഥാനമാക്കി മാറ്റുക എന്നതാണ് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ നേതൃത്വത്തിൽ ശുചിത്വ മിഷൻ ഏകോപിപ്പിക്കുന്ന ഈ ജനകീയ ക്യാമ്പയിന്റെ ലക്ഷ്യം. മൂന്നുഘട്ടങ്ങളിലായാണ് ക്യാമ്പയിൻ നടപ്പാക്കുന്നത്. മാലിന്യസംസ്കരണത്തിൽ ഏർപ്പെട്ടിട്ടുള്ള വിവിധ സർക്കാർ ഏജൻസികളെ ഉൾപ്പെടുത്തി വേസ്റ്റ് മാനേജ്മെന്റ് അതോറിറ്റിയോ കോർപ്പറേഷനോ രൂപീകരിക്കുന്നത് ആലോചിക്കുമെന്നും മന്ത്രി പറഞ്ഞു.

ഒക്ടോബർ രണ്ടിന് ആരംഭിക്കുന്ന ഹ്രസ്വകാല ക്യാമ്പയിൻ 2027 ഒക്ടോബർ രണ്ട് വരെ നീണ്ടുനിൽക്കും. സംസ്ഥാനത്തെ 30 ശതമാനം വീടുകൾക്കും സ്ഥാപനങ്ങൾക്കും ജൈവ മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഉണ്ടാക്കുക, 20 ശതമാനം വൻകിട മാലിന്യ ഉത്പാദകരും ഉറവിട ജൈവമാലിന്യ സംസ്കരണം നടത്തുന്നുണ്ടെന്ന് ഉറപ്പാക്കുക, 100 തദ്ദേശ സ്ഥാപനങ്ങളെ സമ്പൂർണ്ണ ജൈവമാലിന്യ സംസ്കരണ ശേഷിയിലേക്ക് ഉയർത്തുക എന്നിവയാണ് ലക്ഷ്യങ്ങൾ.

പൊളിക്കുന്ന കെട്ടിടങ്ങളുടെ മാലിന്യ ശേഖരണ സംവിധാനം കോർപറേഷനുകളിൽ ഒരുക്കുന്നതിനൊപ്പം 40 ശതമാനം സാനിറ്ററി മാലിന്യം ശാസ്ത്രീയമായി സംസ്കരിക്കാനും ഇതിനായി രണ്ട് പുതിയ പ്ലാന്റുകളുടെ നിർമ്മാണം പൂർത്തിയാക്കാനും ലക്ഷ്യമുണ്ട്.

2027 ഒക്ടോബർ രണ്ട് മുതൽ 2030 ജൂൺ അഞ്ച് വരെ നീണ്ടുനിൽക്കുന്ന മധ്യകാല ക്യാമ്പയിനിൽ സംസ്ഥാനത്തെ 70 ശതമാനം വീടുകളിലും സ്ഥാപനങ്ങളിലും ജൈവ മാലിന്യ സംസ്കരണ സംവിധാനം ഉറപ്പാക്കും. കൂടാതെ 500 തദ്ദേശ സ്ഥാപനങ്ങളെ സമ്പൂർണ ജൈവമാലിന്യ സംസ്കരണ ശേഷിയിലേക്ക് ഉയർത്തുകയും ചെയ്യും. പൊതു–സ്വകാര്യ പങ്കാളിത്ത മാതൃകയിലും സ്വകാര്യ നിക്ഷേപത്തിലൂടെയും പുതിയ റീസൈക്ലിങ് പ്ലാന്റുകളും സജ്ജീകരിക്കും. അത്യാധുനിക ഇ–മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കും. പൊളിക്കുന്ന കെട്ടിടങ്ങളുടെ മാലിന്യ സംസ്കരണ പ്ലാന്റിന്റെ നിർമ്മാണം ആരംഭിക്കും. നാല് സാനിറ്ററി മാലിന്യസംസ്കരണ പ്ലാന്റുകൾ പ്രവർത്തനസജ്ജമാക്കും.

2030 ജൂൺ 5 മുതൽ 2031 മാർച്ച് 30 വരെയുള്ള ദീർഘകാല കാമ്പയിനിൽ സംസ്ഥാനത്തെ 100% വീടുകളിലും സ്ഥാപനങ്ങളിലും പൂർണമായ ജൈവ മാലിന്യ സംസ്കരണ സംവിധാനം ഉറപ്പാക്കും. അജൈവ മാലിന്യങ്ങളുടെ 100 ശതമാനം ശേഖരണവും ശാസ്ത്രീയ പരിപാലനവും സാധ്യമാക്കും. പ്ലാസ്റ്റിക്, ഗ്ലാസ്, ഇ–മാലിന്യം, തുണി, പേപ്പർ റീസൈക്ലിങ് പ്ലാന്റുകൾ സ്ഥാപിക്കും. വേസ്റ്റ് ടു എനർജി പ്ലാന്റും (പൊളിക്കുന്ന കെട്ടിടങ്ങളുടെ) മാലിന്യസംസ്കരണ പ്ലാന്റും പൂർണ തോതിൽ പ്രവർത്തനസജ്ജമാകും. എല്ലായിടത്തും അത്യാധുനിക പൊതുശുചിമുറികൾ ലഭ്യമാക്കും.

കേരളത്തിലെ വിവിധ ഭാഗങ്ങളിൽ ആരംഭിക്കുന്ന 12 ആർഡിഎഫ് പ്ലാന്റുകൾ, കൊച്ചിയിൽ ആരംഭിക്കുന്ന 500 ടിപിഡി വേസ്റ്റ് ടു എനർജി പ്ലാന്റ് എന്നിവ യാഥാർഥ്യമാകുന്നതോടെ തദ്ദേശ സ്ഥാപനങ്ങളിൽ നിന്നും ശേഖരിക്കുന്ന അജൈവ മാലിന്യം കേരളത്തിന് പുറത്തേക്ക് കൊണ്ടുപോകേണ്ട സാഹചര്യം ഒഴിവാകും.

കൂടാതെ തിരുവനന്തപുരം, കൊല്ലം, തൃശൂർ, പാലക്കാട്, കോഴിക്കോട്, കണ്ണൂർ തുടങ്ങിയ ജില്ലകളിൽ ജൈവ മാലിന്യ സംസ്കരണപ്ലാന്റുകൾ സജ്ജമാക്കും. പദ്ധതി നടത്തിപ്പ് വിലയിരുത്താൻ മൂന്ന് മാസം കൂടുമ്പോൾ മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ അവലോകന യോഗം ചേരും.

## പൂജപ്പുര എൽ ബി എസ് വനിത എഞ്ചിനീയറിങ് കോളേജിൽ അന്താരാഷ്ട്ര സമ്മേളനം ഘടിപ്പിച്ചു

എൽ ബി എസ് വനിത എഞ്ചിനീയറിങ് കോളേജിൽ കംപ്യൂട്ടേഷണൽ സിസ്റ്റംസ് ആൻഡ് കമ്മ്യൂണിക്കേഷനിൽ ഒക്ടോബർ അഞ്ച്, ആറ് തീയതികളിൽ ഐ ട്രിപ്പിൾ ഇ അന്താരാഷ്ട്ര സമ്മേളനം സംഘടിപ്പിച്ചു. പൂജപ്പുര കാമ്പസിൽ ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി റോജി എം ജോൺ ഉദ്ഘാടനം ചെയ്തു. ഉന്നത വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഡോ. ബി അശോക് മുഖ്യ പ്രഭാഷണം നടത്തി. ട്രസ്റ്റ് റിസർച്ച് പാർക്ക് സി ഇ ഒ ഡോ. എം എസ് രാജശ്രീ, ഐ ഐ എസ് ടി പ്രൊഫസർ ഡോ. ബി എസ് മനോജ്, ഐ ടി വിദഗ്ധൻ വർഗീസ് ചെറിയാൻ എന്നിവർ വിവിധ സെഷനുകൾ നയിച്ചു. എൽ ബി എസ് ഡയറക്ടർ ഡോ. ജെ ജയമോഹൻ, പ്രിൻസിപ്പൽ ഡോ. എം. ബി സ്മിതമോൾ. എന്നിവർ സംസാരിച്ചു.

## സി ഡിറ്റ് എവിജിസി– എക്സ് ആർ സെന്റർ ഓഫ് എക്സലൻസ് ഉദ്ഘാടനം ഒക്ടോബർ ഏഴിന്

സർക്കാരിന്റെ 100 ദിന കർമപരിപാടിയിൽ ഉൾപ്പെടുത്തി സി ഡിറ്റ് സാക്ഷാത്കരിക്കുന്ന എവിജിസി–എക്സ്ആർ സെന്റർ ഓഫ് എക്സലൻസ് ഉദ്ഘാടനം ഒക്ടോബർ ഏഴ് രാവിലെ 11.30ന് വ്യവസായ വകുപ്പ് മന്ത്രി പി കെ കുഞ്ഞാലിക്കുട്ടി തിരുവല്ലം ചിത്രാഞ്ജലി കുന്നിൽ നിർവഹിക്കും. ഗതാഗത വകുപ്പ് മന്ത്രി സി പി ജോൺ ലോഗോ പ്രകാശനം നടത്തും. രാജീവ് ചന്ദ്രശേഖർ എംഎൽഎ അധ്യക്ഷനാകും. ശശി തരൂർ എംപി ഭാഷാമിത്രം ആപ്പും കെഎസ്എഫ്ഡിസി ചെയർമാൻ പ്രേംകുമാർ എക്സ്ആർ ഡിസ്ക്കവറി സോൺ ഉദ്ഘാടനവും നിർവഹിക്കും. ആഗോളതലത്തിൽ അനിമേഷൻ, വിഷ്വൽ ഇഫക്ട് രംഗങ്ങളിലുണ്ടാകുന്ന വിപ്ലവകരമായ മാറ്റം സമ്പദ്വ്യവസ്ഥയിൽ വലിയ കുതിച്ചുചാട്ടത്തിന് വഴിയൊരുക്കുന്ന പശ്ചാത്തലത്തിലാണ് സർക്കാർ എവിജിസി– എക്സ്ആർ നയം നടപ്പാക്കുന്നത്.

## 'സമഗ്ര 2026' രണ്ടാം പതിപ്പ് ഒക്ടോബർ 3ന് പാലക്കാട്

സംസ്ഥാന പിന്നാക്കവിഭാഗവികസന കോർപ്പറേഷന്റെ വിവിധ വികസന പദ്ധതികളുടെ പ്രചാരണ പരിപാടിയായ 'സമഗ്ര 2026' രണ്ടാം പതിപ്പും പിന്നാക്കവിഭാഗവികസന വകുപ്പിന്റെ 100 ദിന കർമ്മ പദ്ധതിയുടെ സമാപനവും ഒക്ടോബർ മൂന്നിന് പാലക്കാട് കോട്ടയിൽ കൺവെൻഷൻ സെന്ററിൽ നടക്കും. പട്ടികജാതി പട്ടികവർഗ പിന്നാക്ക ക്ഷേമ വകുപ്പ് മന്ത്രി കെ. എ. തുളസി പരിപാടിയുടെ ഉദ്ഘാടനം നിർവഹിക്കും. പൊതുവിദ്യാഭ്യാസ, ന്യൂനപക്ഷക്ഷേമ വകുപ്പ് മന്ത്രി എൻ. ഷംസുദ്ദീൻ ചടങ്ങിൽ അധ്യക്ഷത വഹിക്കും. മുഖ്യപ്രഭാഷണവും പുതിയ വായ്പ പദ്ധതികളുടെ വിതരണോദ്ഘാടനവും വി. കെ ശ്രീകണ്ഠൻ എം.പി നിർവഹിക്കും. കെ. രാധാകൃഷ്ണൻ എം പി മൈക്രോ ക്രെഡിറ്റ് വായ്പ വിതരണവും, എം.പി അബ്ദുസമദ് സമദാനി എംപി വിദ്യാഭ്യാസ വായ്പ വിതരണവും നിർവഹിക്കും.

വനിതകൾക്കായുള്ള പലിശരഹിത 'പ്രിയദർശിനി സ്വയംതൊഴിൽ വായ്പ', മുതിർന്ന പൗരന്മാർക്കുള്ള 'ജീവൻധാര സീനിയർ സെക്യൂർ വായ്പ' എന്നിവയുടെ വിതരണോദ്ഘാടനവും ചടങ്ങിൽ നടക്കും. അന്നേ ദിവസം പതിനായിരത്തോളം ഗുണഭോക്താക്കൾക്കായി 100 കോടിയോളം രൂപയുടെ വായ്പാവിതരണമാണ് ലക്ഷ്യമിടുന്നത്. ഈ പരിപാടിയോടെ, 100 ദിന കർമ്മപരിപാടിയിലൂടെ വകുപ്പ് ലക്ഷ്യമിട്ടിരുന്ന മുഴുവൻ പദ്ധതികളിലും 100% പുരോഗതി കൈവരിക്കാൻ സാധിക്കും. മറ്റു പിന്നാക്ക മത ന്യൂനപക്ഷങ്ങളുടെ സമഗ്രമായ പുരോഗതിയും സാമ്പത്തിക ഭദ്രതയും ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെയാണ് വകുപ്പ് സമഗ്രയ്ക്ക് രൂപം നൽകിയിരിക്കുന്നത്. ഗുണഭോക്താക്കളുടെ ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കുന്നതിനും വിറ്റഴിക്കുന്നതിനുമായി ഡിസംബർ അവസാന വാരം പാലക്കാട് കോട്ട മൈതാനത്ത് ഏഴ് ദിവസത്തെ വിപുലമായ എക്സിബിഷനും സംസ്ഥാന പിന്നാക്കവിഭാഗ വികസന കോർപ്പറേഷൻ സംഘടിപ്പിക്കും.

ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 18,377 പേർക്കായി 272 കോടി രൂപയുടെ വായ്പ അനുവദിച്ചു. ഇതിൽ 80 ശതമാനവും വനിതകൾക്ക് നൽകിയത്, സംസ്ഥാനത്തെ സ്ത്രീശാക്തീകരണത്തിനും താഴെത്തട്ടിലുള്ള സാമ്പത്തിക ഉന്നമനത്തിനും സർക്കാർ നൽകുന്ന വലിയ പ്രാധാന്യത്തെയാണ് വ്യക്തമാക്കുന്നത്. ചെറുകിട സംരംഭങ്ങൾ, സ്വയംതൊഴിൽ പദ്ധതികൾ, കുടുംബശ്രീ അധിഷ്ഠിത തൊഴിലുകൾ എന്നിവയിലൂടെ സ്ത്രീകളെ സാമ്പത്തികമായി സ്വയംപര്യാപ്തരാക്കാനും, ഗ്രാമീണ സമ്പദ്വ്യവസ്ഥയ്ക്ക് പുതിയ ഉണർവ് നൽകാനും ഇതുവഴി സാധിച്ചിട്ടുണ്ട്.



സംസ്ഥാനത്തെ തിരഞ്ഞെടുത്ത 30 കോളേജുകളെ ഡ്രഗ് ഫ്രീ ക്യാമ്പസുകളായി പ്രഖ്യാപിക്കുന്നതിന്റെ സംസ്ഥാനതല ഉദ്ഘാടനം മന്ത്രി എം ലിജു നിർവഹിക്കുന്നു. മന്ത്രി റോജി എം ജോൺ സമീപം



ഡ്രഗ് ഫ്രീ ക്യാമ്പസ് പ്രഖ്യാപനത്തിന്റെ ഭാഗമായി മന്ത്രിമാരായ എം ലിജു, റോജി എം ജോൺ എന്നിവരുടെ സാന്നിധ്യത്തിൽ ദേശീയ വോളിബോൾ താരം ഷോൺ ടി ജോൺ ലഹരിവിരുദ്ധ പ്രതിജ്ഞ ചൊല്ലിക്കൊടുക്കുന്നു

# യുവതലമുറ അവസരങ്ങൾ ലഹരിയാക്കണം: മന്ത്രി എം ലിജു

## സംസ്ഥാനത്തെ തിരഞ്ഞെടുത്ത 30 കോളേജുകളെ ഡ്രഗ് ഫ്രീ ക്യാമ്പസുകളായി പ്രഖ്യാപിച്ചു

യുവതലമുറ ജീവിതത്തിലെ അവസരങ്ങളെ ലഹരിയാക്കണമെന്നും ലഹരിവസ്തുക്കൾ ജീവിതത്തിന്റെ ഭാഗമാക്കരുതെന്നും എക്സൈസ് വകുപ്പ് മന്ത്രി എം ലിജു. സംസ്ഥാനത്തെ തിരഞ്ഞെടുത്ത 30 കോളജുകളെ 'ഡ്രഗ് ഫ്രീ ക്യാമ്പസുകളായി' പ്രഖ്യാപിക്കുന്നതിന്റെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരം മാർ ഇവാനിയോസ് കോളജ് ഓഡിറ്റോറിയത്തിൽ നിർവഹിക്കുകയായിരുന്നു മന്ത്രി. സർക്കാരിന്റെ 100 ദിന കർമപരിപാടിയുടെ ഭാഗമായി എക്സൈസ് വകുപ്പും കോളേജ് വിദ്യാഭ്യാസ വകുപ്പും സംയുക്തമായി സംഘടിപ്പിക്കുന്ന 'മയങ്ങില്ല കേരളം' ക്യാമ്പയിനോടനുബന്ധിച്ചായിരുന്നു ഡ്രഗ് ഫ്രീ ക്യാമ്പസ് പ്രഖ്യാപനം.

ബോധവൽക്കരണം, എൻഫോഴ്സ്മെന്റ്, ഡി-അഡിക്ഷൻ, പുനരധിവാസം എന്നീ നാല് മേഖലകൾ കേന്ദ്രീകരിച്ചാണ് എക്സൈസ് വകുപ്പ് ലഹരിക്കെതിരെ ശക്തമായ പ്രവർത്തനങ്ങൾ നടത്തുന്നത്. കഴിഞ്ഞ 125 ദിവസത്തിനിടെ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളുടെ ഭാഗമായി 60000ത്തോളം കേസുകൾ രജിസ്റ്റർ ചെയ്തു. ലഹരി കുറ്റകൃത്യങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ രഹസ്യമായി അറിയിക്കാൻ 'പീപ്പിൾസ് ഐ' മൊബൈൽ ആപ്പും കൗൺസലിങ്ങിനും വോളന്റിയർ രജിസ്ട്രേഷനുമായി 'മയങ്ങില്ല കേരളം' പോർട്ടലും സജ്ജമാക്കിയിട്ടുണ്ടെന്നും എല്ലാവരും ഈ സേവനങ്ങൾ പ്രയോജനപ്പെടുത്തണമെന്നും മന്ത്രി പറഞ്ഞു.

സംസ്ഥാനത്ത് 14 ജില്ലകളിലും വിമുക്തി കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഇത് താലൂക്കുകളിലേക്കും വ്യാപിപ്പിക്കും. ചികിത്സയ്ക്ക് ശേഷം ലഹരിയിൽ നിന്ന് മുക്തരാകുന്നവരെ സമൂഹത്തിന്റെ ഭാഗമാക്കി മാറ്റുന്നതിന് പ്രത്യേക ശ്രദ്ധ നൽകുമെന്നും വ്യക്തിഗത പുനരധിവാസത്തിന് പരിഗണന നൽകുമെന്നും മന്ത്രി വ്യക്തമാക്കി. മികച്ച ആന്റി നാർക്കോട്ടിക് ക്ലബ്ബ് പ്രവർത്തനം നടത്തുന്ന മാർ ഇവാനിയോസ് കോളജിന്റെ ലഹരിവിരുദ്ധ പ്രവർത്തനങ്ങളെ മന്ത്രി അഭിനന്ദിച്ചു.

മയക്കുമരുന്ന് വ്യാപനത്തിന്റെ ഏറ്റവും വലിയ ഇരകൾ വിദ്യാർഥികളും ചെറുപ്പക്കാരുമാണെന്ന് മന്ത്രി റോജി എം. ജോൺ മുഖ്യപ്രഭാഷണത്തിൽ പറഞ്ഞു. മയക്കുമരുന്നിനോട് പൂർണമായും 'നോ' പറയണമെന്നും സ്വന്തം ലക്ഷ്യങ്ങളെയും സ്വപ്നങ്ങളെയും ജീവിതത്തിലെ ലഹരിയാക്കി മാറ്റണമെന്നും അദ്ദേഹം പറഞ്ഞു. ക്യാമ്പസുകളെ 'ഡ്രഗ് ഫ്രീ' ക്യാമ്പസുകളാക്കി മാറ്റാനുള്ള ഉത്തരവാദിത്വം വിദ്യാർഥികൾ തന്നെ ഏറ്റെടുക്കണമെന്നും ലഹരിവിരുദ്ധ പ്രവർത്തനങ്ങളിൽ പങ്കാളികളാകണമെന്നും മന്ത്രി ആഹ്വാനം ചെയ്തു.

തിരുവനന്തപുരം മാർ ഇവാനിയോസ്, ഗവ കോളേജ് നെടുമങ്ങാട്, കൊല്ലം എസ് എൻ കോളേജ്, സെന്റ് ഗ്രിഗോറിയസ് കൊട്ടാരക്കര, ആലപ്പുഴ സെന്റ് ജോസഫ്, പത്തനംതിട്ട സെന്റ് തോമസ്, കോട്ടയം സി എം എസ്, ഇടുക്കി ഗവ കോളേജ് മൂന്നാർ, ശാന്തിഗിരി തൊടുപുഴ, എറണാകുളം മഹാരാജാസ്, സെന്റ് തെരേസാസ്, പാലക്കാട് വിക്ടോറിയ, ഗവ കോളേജ് അട്ടപ്പാടി, തൃശൂർ സെന്റ് തോമസ്, വയനാട് സെന്റ് മേരീസ്, ഗവ എഞ്ചിനിയറിങ് മാനന്തവാടി, കോഴിക്കോട് ദേവഗിരി, ഫാറൂഖ്, കണ്ണൂർ നിർമ്മലഗിരി, കൃഷ്ണമേനോൻ സ്മാരക വനിതാ കോളേജ്, കാസർകോട് ഗവ കോളേജ് തുടങ്ങി സംസ്ഥാനത്തെ പ്രധാനപ്പെട്ട 30 കോളേജുകളെയാണ് ആദ്യ ഘട്ടത്തിൽ ഡ്രഗ് ഫ്രീ ക്യാമ്പസുകളായി പ്രഖ്യാപിച്ചത്.

ലഹരിവിരുദ്ധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന എല്ലാ ജില്ലകളിലെയും ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാരെ ചടങ്ങിൽ മന്ത്രിമാർ ആദരിച്ചു. മാർ ഇവാനിയോസ് കോളേജ് ഡ്രഗ് ഫ്രീ ക്യാമ്പസ് ബ്രാൻഡ് അംബാസഡറും ദേശീയ വോളിബോൾ താരവുമായ ഷോൺ ടി ജോൺ ലഹരിവിരുദ്ധ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു.

എക്സൈസ് കമ്മീഷണർ സീറാം സാംബശിവറാവു സ്വാഗതം ആശംസിച്ചു. മാർ ഇവാനിയോസ് കോളേജ് പ്രിൻസിപ്പൽ പ്രൊഫ. മീര ജോർജ്, ബർസാർ ഫാ. തോമസ് കയ്യാലയ്ക്കൽ, വാർഡ് കൗൺസിലർ ത്രേസ്യാമ്മ തോമസ്, ദക്ഷിണ മേഖല ജോയിന്റ് എക്സൈസ് കമ്മീഷണർ ആർ ഗോപകുമാർ, ഉദ്യോഗസ്ഥർ, അധ്യാപകർ, വിദ്യാർഥികൾ തുടങ്ങിയവർ സന്നിഹിതരായി.




പൊതുവിദ്യാഭ്യാസ വകുപ്പും സമഗ്ര ശിക്ഷാ കേരളവും സംയുക്തമായി നടപ്പാക്കുന്ന റിവൈവ് പദ്ധതിയുടെ സംസ്ഥാനതല സാക്ഷാത്കാര പ്രഖ്യാപനം തിരുവനന്തപുരം പട്ടം സെന്റ് മേരീസ് എച്ച് എസ് എസിൽ മന്ത്രി എൻ ഷംസുദ്ദീൻ നിർവഹിക്കുന്നു. മന്ത്രി കെ മുരളീധരൻ സമീപം

# റിവൈവ് പദ്ധതി വിദ്യാർഥികൾക്ക് മുതൽക്കൂട്ടാകും : മന്ത്രി എൻ ഷംസുദ്ദീൻ

അടിസ്ഥാന ഗണിതശേഷിയിലും മലയാളം, ഇംഗ്ലീഷ് ഭാഷാവിജ്ഞാനത്തിലും പിന്നാക്കം നിൽക്കുന്ന വിദ്യാർഥികൾക്ക് പ്രത്യേക പിന്തുണ നൽകി മറ്റുള്ളവർക്കൊപ്പം എത്തിക്കുന്ന റിവൈവ് പദ്ധതി സംസ്ഥാനത്തെ വിദ്യാർഥികൾക്ക് മുതൽക്കൂട്ടാകുമെന്ന് പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി എൻ ഷംസുദ്ദീൻ. ഭാഷാ-ഗണിത ശേഷികൾ മെച്ചപ്പെടാതെ ഒരു കുട്ടിയെയും ഇനി ഏഴാം ക്ലാസിലേക്ക് ജയിപ്പിച്ചു വിടില്ലെന്നും മന്ത്രി പറഞ്ഞു. പൊതുവിദ്യാഭ്യാസ വകുപ്പും സമഗ്ര ശിക്ഷാ കേരളവും സംയുക്തമായി നടപ്പാക്കുന്ന റിവൈവ് പദ്ധതിയുടെ സംസ്ഥാനതല സാക്ഷാത്കാര പ്രഖ്യാപനം തിരുവനന്തപുരം പട്ടം സെന്റ് മേരീസ് എച്ച് എസ് എസിൽ നിർവഹിക്കുകയായിരുന്നു അദ്ദേഹം.

നൂറുദിന കർമപരിപാടിയുടെ ഭാഗമായി പൊതുവിദ്യാഭ്യാസ വകുപ്പ് പ്രഖ്യാപിച്ച 16 പദ്ധതികളും നടപ്പിലാക്കിയതായി മന്ത്രി അറിയിച്ചു. സംസ്ഥാനത്തെ എല്ലാ ഏകാധ്യാപക വിദ്യാലയങ്ങളും എൽ പി സ്കൂളുകളായി ഉയർത്തി. അധ്യാപകരുടെ ദീർഘകാല പ്രശ്നങ്ങൾ പരിഹരിച്ചു. ഹൈസ്കൂൾ തലത്തിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് പഠനം ആരംഭിച്ചതിനൊപ്പം എല്ലാ എൽ പി, യു പി സ്കൂളുകളിലും ഡിജിറ്റൽ സ്ക്വയറുകൾ സ്ഥാപിച്ചു. ഹയർ സെക്കൻഡറി തലത്തിൽ പുതിയ ബാച്ചുകൾ ആരംഭിച്ചു. കുട്ടികൾക്ക് നീന്തൽ പരിശീലനം നൽകുന്ന 'അക്വാ ഫിറ്റ്', ആദിവാസി-തീരദേശ മേഖലകളിൽ സ്കൂളിൽ നിന്ന് കൊഴിഞ്ഞുപോയ കുട്ടികളെ തിരികെ എത്തിക്കുന്ന 'കൂടെ' പദ്ധതികളും നടപ്പാക്കി.

കേന്ദ്രഫണ്ട് ലഭിക്കുന്നതിൽ ചില കുറവുകളുണ്ടെങ്കിലും സംസ്ഥാന സർക്കാരിന്റെ ആവശ്യമായ സാമ്പത്തിക പിന്തുണയോടെ സമഗ്ര ശിക്ഷാ കേരളത്തിന്റെ പദ്ധതികൾ തടസ്സമില്ലാതെ മുന്നോട്ട് കൊണ്ടുപോകുമെന്നും മന്ത്രി വ്യക്തമാക്കി.

ഭാവിയെ രൂപപ്പെടുത്തുന്നതിന് ഗണിത-ഭാഷാ അറിവുകൾക്ക് പ്രാധാന്യമുണ്ടെന്നും ആത്മവിശ്വാസത്തോടെ സംസാരിക്കുന്നതിനും ഇടപെടലുകൾ നടത്തുന്നതിനും ഇവ സഹായിക്കുമെന്നും പരിപാടിയിൽ അധ്യക്ഷനായ ആരോഗ്യവകുപ്പ് മന്ത്രി കെ മുരളീധരൻ പറഞ്ഞു.

എൽ പി, യു പി ക്ലാസ്സുകളിൽ മലയാളം, ഇംഗ്ലീഷ്, ഗണിതം വിഷയങ്ങളിൽ കുട്ടികൾ അനുഭവിക്കുന്ന പ്രയാസങ്ങൾ പരിഹരിക്കുകയാണ് റിവൈവ് പദ്ധതിയുടെ ലക്ഷ്യം. ഇതിലൂടെ ഭാവിപഠനത്തിലും കരിയറിലും കുട്ടികൾക്ക് ഏറെ മുന്നോട്ട് പോകാൻ അവസരമൊരുങ്ങും. പാഠ്യപദ്ധതി ചട്ടക്കൂടിനുള്ളിൽനിന്ന് കുട്ടികളിലെ പ്രത്യേക പഠന പിന്നാക്കാവസ്ഥകൾ തിരിച്ചറിയാനും ഫലപ്രദമായ ബോധനരീതികൾ നടപ്പിലാക്കാനും പഠനനേട്ടങ്ങൾ വിലയിരുത്താനും ക്ലാസ് റൂം തെളിവുകൾ അടിസ്ഥാനമാക്കി അധ്യാപന രീതികൾ നിരന്തരം മെച്ചപ്പെടുത്താനും പദ്ധതി ഉപകരിക്കും.

സമഗ്ര ശിക്ഷാ കേരളം സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ ഡോ. കെ മോഹനകുമാർ, തിരുവനന്തപുരം എസ് പി ഒ ഇൻചാർജ് വി കെ അബ്ദുറഹിമാൻ, ജില്ലാ പ്രോജക്ട് കോർഡിനേറ്റർ പനവൂർ നിസാമുദീൻ, വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ ബിജു ആർ, ഡയറ്റ് പ്രിൻസിപ്പൽ ഗീതാ നായർ, പട്ടം സെന്റ് മേരീസ് എച്ച്എസ്എസ് പ്രിൻസിപ്പൽ ഫാദർ നെൽസൺ വലിയവീട്ടിൽ, ഹെഡ്മാസ്റ്റർ റെജി ലൂക്കോസ്, പി ടി എ പ്രസിഡന്റ് മനോജ് കെ ബി തുടങ്ങിയവർ സന്നിഹിതരായി.

# കേരള ടെക് ബ്രാൻഡ്, ഐടി പാർക്ക് അഫിലിയേഷൻ പദ്ധതികൾക്ക് ഒക്ടോബർ 8 ന് തുടക്കം

തിരുവനന്തപുരം: സംസ്ഥാനത്തെ ഐടി സ്ഥാപനങ്ങളെയും സാങ്കേതിക മേഖലയിലെ മറ്റ് സ്ഥാപനങ്ങളെയും ഒരു പൊതു ശൃംഖലയുമായി ബന്ധിപ്പിക്കുന്ന ഐടി പാർക്ക്സ് അഫിലിയേഷൻ പദ്ധതിക്കും കേരള ടെക് ബ്രാൻഡിനും ഒക്ടോബർ 8 ന് തുടക്കമാകും. കമ്പനികൾ, കോ-വർക്കിംഗ് സ്പേസുകൾ, സ്വകാര്യ സാങ്കേതിക അടിസ്ഥാന സൗകര്യങ്ങൾ എന്നിവയെ സംസ്ഥാനതലത്തിൽ ബന്ധിപ്പിച്ച് പുതിയ സാങ്കേതിക മേഖലകളിൽ കൂടുതൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനായി സംസ്ഥാന സർക്കാർ നടപ്പാക്കുന്നതാണ് ഐടി പാർക്ക്സ് അഫിലിയേഷൻ പദ്ധതി.

വ്യവസായ, വാണിജ്യ, ഐടി, ആർട്ടിഫിഷ്യൽ ഇൻറലിജൻസ് വകുപ്പ് മന്ത്രി പി.കെ കുഞ്ഞാലിക്കുട്ടി ടെക്നോപാർക്ക് ഫേസ് വൺ പാർക്ക് സെൻററിലെ ട്രാവൻകൂർ ഹാളിൽ ഒക്ടോബർ 8 വൈകുന്നേരം നാലിന് നടക്കുന്ന ചടങ്ങിൽ ഐടി പാർക്ക്സ് അഫിലിയേഷൻ പദ്ധതിയും കേരള ടെക് ബ്രാൻഡും ഉദ്ഘാടനം ചെയ്യും. ഇലക്ട്രോണിക്സ് ആൻഡ് ഐടി വകുപ്പ് സ്പെഷ്യൽ സെക്രട്ടറി സീറാം സാംബശിവ റാവു ചടങ്ങിൽ അദ്ധ്യക്ഷത വഹിക്കും. ടെക്നോപാർക്ക് സിഇഒ സച്ചിൻ കുമാർ യാദവ് സ്വാഗതം ആശംസിക്കും. ഇൻഫോപാർക്ക്, സൈബർപാർക്ക് സിഇഒ സുശാന്ത് കുറുന്തിൽ അഫിലിയേഷൻ പദ്ധതിയെക്കുറിച്ച് അവതരണം നടത്തും.

'ഇൻഡസ്ട്രി പെർസ്പെക്ടീവ്: കേരള ടെക് ആൻഡ് ദി ഐടി പാർക്ക്സ് അഫിലിയേഷൻ സ്കീം' എന്ന വിഷയത്തിൽ സിഐഐ കേരള സ്റ്റേറ്റ് കൗൺസിൽ വൈസ് ചെയർമാൻ സന്തോഷ് കുമാർ സംസാരിക്കും.ടെക്നോപാർക്ക് ഫേസ് ത്രീ കാമ്പസിൽ രണ്ട് ലക്ഷം ചതുരശ്രയടി വിസ്തീർണമുള്ള പ്രീ-ഫാബ്രിക്കേറ്റഡ് ഐടി കെട്ടിടവും പൊതു വിനോദ സൗകര്യങ്ങളും ഒരുക്കുന്ന പദ്ധതിക്കും ചടങ്ങിൽ തുടക്കമാകും.ടക്നോപാർക്ക് ഫേസ് വണ്ണിൽ വരാനിരിക്കുന്ന പദ്ധതിക്കായി ടെക്നോപാർക്കും കാസ്പിയൻ ടെക്പാർക്സും തമ്മിലുള്ള ധാരണാപത്രം ചടങ്ങിൽ കൈമാറും. സെമികോൺ കൺസോർഷ്യം പ്രവർത്തനമാരംഭിക്കൽ, മേക്കർ ഹബിൻറെ ഔദ്യോഗിക പ്രഖ്യാപനം എന്നിവയും ഇതോടൊപ്പം നടക്കും.ഉദ്ഘാടന ചടങ്ങിൽ പങ്കെടുക്കുന്നതിന് പേര് രജിസ്റ്റർ ചെയ്യുന്നതിനായി https://keralam-it-parks-affiliation-scheme.conferenceprime.com/auth/register എന്ന പോർട്ടൽ സന്ദർശിക്കാവുന്നതാണ്.സർക്കാർ ഉടമസ്ഥതയിലുള്ള ഐടി പാർക്കുകൾക്ക് പുറത്തുള്ള അർഹരായ സാങ്കേതിക സ്ഥാപനങ്ങളെയും സംസ്ഥാനതല സാങ്കേതിക ശൃംഖലയുമായി ബന്ധിപ്പിക്കുകയാണ് ഐടി പാർക്ക്സ് അഫിലിയേഷൻ പദ്ധതിയുടെ ലക്ഷ്യം. ഇതിലൂടെ സർക്കാർ, വ്യവസായ മേഖല, മറ്റ് സാങ്കേതിക മേഖലയിലെ പങ്കാളികൾ എന്നിവരുമായി കൂടുതൽ സഹകരിക്കാനും ഇടപെടാനും സ്ഥാപനങ്ങൾക്ക് അവസരം ലഭിക്കും.

സർക്കാർ ഐടി പാർക്കുകൾക്ക് പുറത്തുള്ള അർഹരായ സ്ഥാപനങ്ങൾക്ക് ഐടി പാർക്കുകൾക്ക് ലഭിക്കുന്ന സൗകര്യങ്ങളും ആനുകൂല്യങ്ങളും പ്രയോജനപ്പെടുത്താൻ പദ്ധതിയിലൂടെ സാധിക്കും.

പുതിയതായി പ്രവർത്തനമാരംഭിക്കുന്ന കേരള ടെക് പോർട്ടലിൽ, അഫിലിയേഷൻ പോർട്ടലും ഇതോടൊപ്പം സജ്ജമാകും. അർഹരായ സ്ഥാപനങ്ങൾക്ക് ഓൺലൈനായി രജിസ്റ്റർ ചെയ്ത് അഫിലിയേറ്റഡ് നെറ്റ് വർക്കിൻറെ ഭാഗമാകുന്നതിനുള്ള ലളിതമായ സംവിധാനമാണിത്.സംസ്ഥാനത്ത് വളർന്നുവരുന്ന സാങ്കേതിക ശൃംഖലയുടെ ഭാഗമാകാനും കൂടുതൽ ശ്രദ്ധ നേടി, വിവിധ സാങ്കേതിക അവസരങ്ങൾ പ്രയോജനപ്പെടുത്താനും സർക്കാർ, വ്യവസായ മേഖല, മറ്റ് പങ്കാളികൾ എന്നിവരുമായി സഹകരണം ഉറപ്പാക്കാനും അഫിലിയേഷൻ പദ്ധതി അവസരമൊരുക്കും.സാങ്കേതിക വിദ്യ, നൂതനാശയങ്ങൾ, ഗവേഷണം, സ്റ്റാർട്ടപ്പുകൾ, വിജ്ഞാനാധിഷ്ഠിത വ്യവസായങ്ങൾ എന്നിവയെ ഒരു പൊതു ആവാസവ്യവസ്ഥയ്ക്ക് കീഴിൽ ബന്ധിപ്പിക്കുകയെന്നതാണ് കേരള ടെക് ബ്രാൻഡിൻറെ ലക്ഷ്യം. സംസ്ഥാനത്ത് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് ഇതിലൂടെ സാധിക്കും.പരമ്പരാഗത ഐടി, ഐടിഇഎസ് മേഖലകൾക്കപ്പുറത്തേക്ക് വിജ്ഞാനാധിഷ്ഠിത വ്യവസായ മേഖല വികസിക്കുകയാണ്. ആർട്ടിഫിഷ്യൽ ഇൻറലിജൻസ്, സെമി കണ്ടക്ടർ, ഡീപ് ടെക്നോളജി, ബഹിരാകാശ സാങ്കേതികവിദ്യ, സൈബർ സുരക്ഷ, ഡിജിറ്റൽ എഞ്ചിനീയറിങ് തുടങ്ങിയ മേഖലകളിൽ പുതിയ അവസരങ്ങൾ ഉയർന്നുവരുന്ന സാഹചര്യത്തിലാണ് കേരള ടെക് ബ്രാൻഡിനും അഫിലിയേഷൻ പദ്ധതിക്കും തുടക്കമാകുന്നത്.ഒക്ടോബർ 6 ന് നടത്താനിരുന്ന പരിപാടിയാണ് ഒക്ടോബർ 8 ലേക്ക് മാറ്റിയത്.

# സ്വകാര്യ ഐ.ടി.സികളിലെ ന്യൂനപക്ഷ വിദ്യാർഥികൾക്ക് ഫീസ് റീഇംബേഴ്സ്മെന്റ്

സർക്കാർ അംഗീകൃത സ്വകാര്യ ഐ.ടി.സികളിൽ ഒന്ന്/രണ്ട് വർഷത്തെ കോഴ്സുകളിൽ പഠിക്കുന്ന ന്യൂനപക്ഷ മതവിഭാഗങ്ങളിലെ വിദ്യാർഥികൾക്ക് ജനസംഖ്യാനുപാതികമായി ഫീസ് റീഇംബേഴ്സ് ചെയ്ത് നൽകുന്നതിന് കേരള സംസ്ഥാന ന്യൂനപക്ഷ ക്ഷേമ വകുപ്പ് അപേക്ഷ ക്ഷണിച്ചു.കേരളത്തിൽ സ്ഥിരതാമസക്കാരായ മുസ്ലിം, ക്രിസ്ത്യൻ, സിഖ്, ബുദ്ധ, പാഴ്സി, ജൈന മതവിഭാഗത്തിൽപ്പെട്ട വിദ്യാർഥികൾക്കാണ് സ്കോളർഷിപ്പ്. ബി.പി.എൽ അപേക്ഷകരുടെ അഭാവത്തിൽ ന്യൂനപക്ഷ മതവിഭാഗത്തിലെ എട്ട് ലക്ഷം രൂപ വരെ വാർഷിക വരുമാനമുള്ള എ.പി.എൽ വിഭാഗത്തെയും പരിഗണിക്കും. 10 ശതമാനം സ്കോളർഷിപ്പ് പെൺകുട്ടികൾക്കായി സംവരണം ചെയ്തിട്ടുണ്ട്. വിദ്യാർഥികളെ തിരഞ്ഞെടുക്കുന്നത് കുടുംബ വാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിലാണ്.അപേക്ഷകർക്ക് ഏതെങ്കിലും ഷെഡ്യൂൾഡ് കൊമേഴ്സ്യൽ ബാങ്കിൽ സ്വന്തം പേരിൽ അക്കൗണ്ട് ഉണ്ടായിരിക്കണം. www.mwdscholarship.kerala.gov.in ലെ സ്കോളർഷിപ്പ് മെന്യൂ ലിങ്ക് മുഖേന ഓൺലൈനായി അപേക്ഷിക്കാം. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി നവംബർ 20. വിവരങ്ങൾക്ക്: 0471-2300523, 0471-2300524.

# കമ്പ്യൂട്ടർ അസിസ്റ്റന്റ് ഒഴിവ്

പ്രവാസി ഭാരതീയർ (കേരളീയർ) കമ്മിഷനിൽ കമ്പ്യൂട്ടർ അസിസ്റ്റന്റിന്റെ ഒഴിവിലേക്ക് കരാർ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. പ്രീഡിഗ്രി / പ്ലസ്ടു, സർക്കാർ / സർക്കാർ അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും ഇംഗ്ലീഷ് ടൈപ്പ്റൈറ്റിംഗിൽ ഹയർ ഗ്രേഡ് സർട്ടിഫിക്കറ്റും കമ്പ്യൂട്ടർ വേഡ് പ്രോസസിങ് / തത്തുല്യം, മലയാളം ടൈപ്പ്റൈറ്റിംഗിൽ ലോവർ ഗ്രേഡ് സർട്ടിഫിക്കറ്റ് / തത്തുല്യം ആണ് യോഗ്യത. പ്രായപരിധി 18-45. ഒക്ടോബർ 12 വൈകിട്ട് അഞ്ചിന് മുൻപ് തപാൽ മുഖേനയോ നേരിട്ടോ കമ്മിഷൻ ഓഫീസിൽ അപേക്ഷ ലഭ്യമാക്കണം. അപേക്ഷകരുടെ ഇ-മെയിൽ, വാട്സാപ്പ് മൊബൈൽ നമ്പർ എന്നിവ അപേക്ഷയിൽ രേഖപ്പെടുത്തണം. വിലാസം: സെക്രട്ടറി, പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷൻ, നോർക്ക സെന്റർ, ആറാം നില, തൈക്കാട് പി ഒ, തിരുവനന്തപുരം, പിൻ: 695 014.

# അപേക്ഷ ക്ഷണിച്ചു

കളമശ്ശേരിയിലെ സൂപ്പർവൈസറി ഡെവലപ്പ്മെന്റ് സെന്ററിൽ നവംബറിൽ ആരംഭിക്കുന്ന ഒരു വർഷ അഡ്വാൻസ്ഡ് ഡിപ്ലോമ ഇൻ ഇൻഡസ്ട്രിയൽ സേഫ്റ്റി എഞ്ചിനീയറിങ്ങ് (സായാഹ്ന കോഴ്സ്, പാർട്ട് ടൈം ബാച്ച്) നു അപേക്ഷ ക്ഷണിച്ചു. എഞ്ചിനീയറിങ്ങ് ബിരുദം, ഡിപ്ലോമ, ബി.എസ്.സി ഫിസിക്സ്, കെമിസ്ട്രി കോഴ്സുകൾ പാസായവർക്ക് അപേക്ഷിക്കാം. അപേക്ഷ ലഭിക്കേണ്ട അവസാന തീയതി ഒക്ടോബർ 31. വിവരങ്ങൾക്ക്: 9349892240, 0484-2556530.

## ബോധവത്ക്കരണ ക്ലാസ്

ദേശീയ വനിതാ കമ്മിഷനുമായി സഹകരിച്ച് സംസ്ഥാന വനിത കമ്മിഷൻ ഒക്ടോബർ 12 രാവിലെ 9.30 മുതൽ ഉച്ചയ്ക്ക് രണ്ടു വരെ കണ്ണൂർ കൃഷ്ണമേനോൻ മെമ്മോറിയൽ സർക്കാർ വനിതാ കോളജിൽ "ബോധവത്ക്കരണ പരിപാടി" നടത്തും.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.




കേരളം സംസ്ഥാന കാലാവസ്ഥാ വ്യതിയാന അനുരൂപീകരണ മിഷന്റെ ഔദ്യോഗിക വെബ്സൈറ്റ് ഉദ്ഘാടനവും ലോഗോ പ്രകാശനവും തിരുവനന്തപുരം സെൻട്രൽ റെസിഡൻസി ഹോട്ടലിൽ ഗതാഗത വകുപ്പ് മന്ത്രി സി പി ജോൺ നിർവഹിക്കുന്നു

# അന്തരീക്ഷ മലിനീകരണം തടയാൻ ഓരോരുത്തരും പ്രതിജ്ഞാബദ്ധർ: മന്ത്രി സി പി ജോൺ

അന്തരീക്ഷ മലിനീകരണം തടയേണ്ടത് സമൂഹത്തിന്റെ ആവശ്യമാണെന്നും ഓരോ വ്യക്തിക്കും ഇതിൽ സുപ്രധാന പങ്കുവഹിക്കാനുണ്ടെന്നും ഗതാഗത വകുപ്പ് മന്ത്രി സി പി ജോൺ. കേരളം സംസ്ഥാന കാലാവസ്ഥാ വ്യതിയാന അനുരൂപീകരണ മിഷന്റെ ഔദ്യോഗിക വെബ് സൈറ്റ് ഉദ്ഘാടനവും ലോഗോ പ്രകാശനവും തിരുവനന്തപുരം സെൻട്രൽ റെസിഡൻസി ഹോട്ടലിൽ നിർവഹിക്കുകയായിരുന്നു മന്ത്രി.

കാലാവസ്ഥവ്യതിയാനമെന്ന യാഥാർഥ്യത്തോടു പൊരുത്തപ്പെട്ട് ഇതിനെ എങ്ങനെ ലഘൂകരിക്കാം എന്നാണ് ചിന്തിക്കേണ്ടത്. വാഹനങ്ങളിൽ നിന്ന് മാത്രമല്ല മലീമസമായ തോടുകൾ, ജലാശയങ്ങൾ എന്നിവയിലൂടെ ഉണ്ടാകുന്ന വാതക മലിനീകരണവും നിയന്ത്രിക്കണം. തദ്ദേശ സ്ഥാപനങ്ങൾക്ക് ഈ കാര്യത്തിൽ നിർണായകപങ്കുവഹിക്കാനാകും. കെ.എസ്.ആർ.ടി.സി ബസുകളിൽ നിന്നുള്ള മലിനീകരണം കുറയ്ക്കാൻ സർക്കാർ നടപടി സ്വീകരിച്ചു. മലിനീകരണത്തോത് 35 ശതമാനത്തോളം കുറയ്ക്കാനായി. കിണറുകളും തോടുകളും മറ്റ് ജലസ്രോതസ്സുകളും മലിനമാകുന്ന സാഹചര്യം ഒഴിവാക്കാൻ പ്രാദേശിക ഭരണകൂടവും ജനങ്ങളും ഒത്തൊരുമിച്ച് പ്രവർത്തിക്കണം. പാർവതി പുത്തനാർ പോലുള്ള ജലാശയങ്ങളുടെ സംരക്ഷണത്തിനായി നടത്തിയ പ്രവർത്തനം മാതൃകാപരമാണ്. കാലാവസ്ഥാവ്യതിയാനം മൂലം കുട്ടനാട് പോലുള്ള പ്രദേശങ്ങളിലെ ജനങ്ങൾ ഭീഷണി നേരിടുന്നു. ഈ വിഷയത്തിൽ നയപരമായ തീരുമാനങ്ങളും ജനകീയ കൂട്ടായ്മകളും ഉണ്ടാകേണ്ടത് ആവശ്യമാണ്. നമുക്ക് ഹിതകരമല്ലാത്ത എല്ലാ വാതകങ്ങളും പുറന്തള്ളുന്നത് കുറയ്ക്കുക എന്നത് പ്രധാനപ്പെട്ട കാര്യമാണ്. ഇത് എങ്ങനെ സാധിക്കുമെന്ന് പരിശോധിക്കപ്പെടണം. അദ്ദേഹം അഭിപ്രായപ്പെട്ടു.

സംസ്ഥാന ജൈവവൈവിധ്യ ബോർഡ് ചെയർമാൻ എൻ. അനിൽകുമാർ, മലിനീകരണ നിയന്ത്രണ ബോർഡ് ചെയർപേഴ്സൺ എസ് ശ്രീകല, കേരളം സംസ്ഥാന കാലാവസ്ഥാ വ്യതിയാന അനുരൂപീകരണ മിഷൻ ചീഫ് റെസിലൻസ് ഓഫീസർ ശേഖർ എൽ കുര്യാക്കോസ് എന്നിവർ പങ്കെടുത്തു.കാലാവസ്ഥാവ്യതിയാന വെല്ലുവിളികളെ നേരിടുന്നതിനും ഹരിത സാമ്പത്തിക വ്യവസ്ഥ ഉറപ്പാക്കുന്നതിനും കാർബൺ ഫിനാൻസ്, കാർബൺ ക്രെഡിറ്റ് എന്നിവ സർക്കാർ തലത്തിൽ ലഭ്യമാക്കുക, ഹരിതതൊഴിൽ സാധ്യത പ്രോത്സാഹിപ്പിക്കുന്നതിലൂടെ സംസ്ഥാനത്തിന്റെ സാമ്പത്തിക വ്യവസ്ഥയെ ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ സർക്കാർ രൂപീകരിച്ചതാണ് കേരളം സംസ്ഥാന കാലാവസ്ഥാ വ്യതിയാന അനുരൂപീകരണ മിഷൻ. കാലാവസ്ഥാ വ്യതിയാന അനുരൂപീകരണ സംവാദ പരമ്പരയുടെ ഭാഗമായുള്ള പ്രഭാഷണവും ചർച്ചയും നടന്നു. സി ജോർജ് തോമസ്, സി കെ ശ്രീകുമാർ, നജീബ് ബിൻ ഹനീഫ്, സി കെ ദേവിക എന്നിവർ നേതൃത്വം നൽകി. പാനൽ ചർച്ചയിൽ ഉരുത്തിരിയുന്ന സുപ്രധാന ആശയങ്ങൾ സംസ്ഥാനത്തിന്റെ കാലാവസ്ഥാ വ്യതിയാന അതിജീവന നയരൂപീകരണത്തിന് വിനിയോഗിക്കും.

# സ്ഥലം എവിടെയെന്ന് ആദ്യം കാണിക്ക്; സുരേഷ് ഗോപിക്ക് മാസ് മറുപടിയുമായി കെ.മുരളീധരൻ

തിരുവനന്തപുരം: എയിംസ് വിഷയത്തിൽ കേന്ദ്രസഹമന്ത്രി സുരേഷ് ഗോപിയും കെ.മുരളീധരനും തമ്മിലുള്ള വാക്പോര് ശക്തമാകുന്നു. എയിംസിന് തൃശൂരാണ് ഏറ്റവും അനുയോജ്യമായ സ്ഥലമെന്ന സുരേഷ് ഗോപിയുടെ നിലപാടിന് മറുപടിയുമായി മന്ത്രി കെ. മുരളീധരൻ രംഗത്തെത്തി. എയിംസ് വിഷയത്തിൽ സംസ്ഥാന സർക്കാരിന് തുറന്ന മനസാണ്.

തൃശൂരിൽ എയിംസ് വേണമെന്ന് പറയുന്ന സുരേഷ് ഗോപി ആദ്യം സ്ഥലം എവിടെയാണെന്ന് കാണിച്ചുതരട്ടെയെന്നും മുരളീധരൻ പറഞ്ഞു. സുരേഷ് ഗോപിയുടെ വെല്ലുവിളി ഏറ്റെടുക്കുന്നില്ലെന്നും വിഷയത്തെ രാഷ്ട്രീയമായി മാത്രമാണ് കാണുന്നതെന്നും അദ്ദേഹം വ്യക്തമാക്കി. കേരളത്തിൽ എയിംസിന് അനുയോജ്യമായ സ്ഥലം തൃശൂരാണെന്നാണ് സുരേഷ് ഗോപി നേരത്തെ പറഞ്ഞത്.

താൻ ബിജെപി എംപിയായതിനാൽ എയിംസ് തൃശൂരിൽ വരരുതെന്ന് സംസ്ഥാനം തീരുമാനിച്ചാലും അവിടെ തന്നെ വരുമെന്നും അദ്ദേഹം പ്രതികരിച്ചിരുന്നു. സാമ്പത്തികമായി പരിഗണിക്കുമ്പോൾ ആലപ്പുഴയാണ് അനുയോജ്യമെങ്കിലും എയിംസിന് ആവശ്യമായ ശാന്തമായ അന്തരീക്ഷം തൃശൂരിലുണ്ടെന്നും സുരേഷ് ഗോപി പറഞ്ഞു.

മന്ത്രി കെ. മുരളീധരന് ധൈര്യമുണ്ടെങ്കിൽ തൻറെ കൂടെ ഇരിക്കണമെന്നും മുഖ്യമന്ത്രിക്ക് കാര്യങ്ങൾ മനസിലായിട്ടുണ്ടെന്നും സുരേഷ് ഗോപി പറഞ്ഞിരുന്നു. അതേസമയം കേരളത്തിൽ എയിംസ് സ്ഥാപിക്കുന്നതിനായി കോട്ടയത്തെ വെള്ളൂർ ന്യൂസ് പ്രിൻറ് ഫാക്ടറിയുടെ സ്ഥലവും പരിഗണിക്കുമെന്ന് കെ. മുരളീധരൻ നേരത്തെ വ്യക്തമാക്കിയിരുന്നു.

# കേരളത്തിലെ വൈദ്യുതി പ്രതിസന്ധി: കേന്ദ്രവുമായി ചർച്ച നടത്തുമെന്ന് മന്ത്രി

ന്യൂഡൽഹി: സംസ്ഥാനത്തെ വൈദ്യുതി പ്രതിസന്ധി പരിഹരിക്കാൻ കേന്ദ്രവുമായി ചർച്ച നടത്തുമെന്ന് വൈദ്യുതിമന്ത്രി സണ്ണി ജോസഫ്. കേന്ദ്ര ഊർജമന്ത്രിയുമായി മുഖ്യമന്ത്രി വി.ഡി. സതീശൻ, സണ്ണി ജോസഫ് എന്നിവർ ചർച്ച നടത്തും.

ചർച്ചയ്ക്കായി സമയം തേടിയിട്ടുണ്ടെന്നെന്ന് മന്ത്രി സണ്ണി ജോസഫ് പറഞ്ഞു. എൻടിപിസി ചെയർമാനുമായി നടത്തിയ ചർച്ച പൂർത്തിയായിയെന്നും എൻടിപിസിയുടെ പൂളിൽ നിന്ന് വൈദ്യുതി കേരളത്തിന് ലഭ്യമാകുന്ന കാര്യവും ചർച്ച ചെയ്തെന്നും മന്ത്രി അറിയിച്ചു.

കേരളത്തിൻറെ ആവശ്യങ്ങളോട് അനുഭാവപൂർവ്വമായ നിലപാട് സ്വീകരിക്കും എന്ന് എൻ.ടി.പി.സി ചെയർമാൻ ഉറപ്പ് നൽകിയിട്ടുണ്ടെന്നും സണ്ണി ജോസഫ് പറഞ്ഞു. വൈദ്യുതി പ്രതിസന്ധി പരിഹരിക്കാൻ അടിയന്തര ഇടപെടലാണ് സർക്കാർ നടത്തുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

# സുഗതന് തുണയായത് നടപടികളിലെ വീഴ്ച; രേഖകളിൽ പല പേജുകളും കാണാനില്ലെന്ന് കോടതി

കൊച്ചി:കാപ്പാ കേസിൽ കരുതൽ തടങ്കലിലായിരുന്ന ബിജെപി കൗൺസിലർ ആർ സുഗതന് തുണയായത് നടപടികളിലെ വീഴ്ച. കാപ്പാ നടപടിക്രമങ്ങൾ കൃത്യമായി പാലിച്ചില്ലെന്നും മുൻ കേസുകളിൽ അനുവദിച്ച ജാമ്യ വ്യവസ്ഥകൾ ജില്ലാ കളക്ടർ കൃത്യമായി പരിശോധിച്ചില്ലെന്നും കോടതി ചൂണ്ടിക്കാട്ടി

ക്രൈം 1687/2019ൽ സുഗതൻറെ പരാതിയിൽ രജിസ്റ്റർ ചെയ്ത കൗണ്ടർ കേസ് ഉണ്ടായിരുന്ന കാര്യം കാപ്പാ ഉത്തരവിൽ പരാമർശിച്ചിട്ടില്ല. ക്രൈം 677/2023ൽ ജാമ്യം റദ്ദാക്കൽ ഹർജി തിരിച്ചയച്ചിരുന്നെങ്കിലും അത് പെൻഡിങ്ങാണെന്നായിരുന്നു ഉത്തരവിലെ പരാമർശം. ക്രൈം 723/2025ൽ പരാതിക്കാരൻ ഒത്തുതീർപ്പ് ഹർജി നൽകി കേസ് പിൻവലിച്ച വിവരവും ഉത്തരവിൽ പരിഗണിച്ചില്ല.

ക്രൈം 334/2026ൽ മുൻകൂർ ജാമ്യത്തിനുള്ള സമയം നീട്ടിനൽകിയ ഉത്തരവും നടപടികൾ സ്റ്റേ ചെയ്ത ഉത്തരവും പരിഗണിക്കാതിരുന്നതായും കോടതി ചൂണ്ടിക്കാട്ടി. കാപ്പാ നടപടിക്രമങ്ങളിലെ ഇത്തരം വീഴ്ചകളിലാണ് കോടതി വിമർശനം ഉന്നയിച്ചത്. ഇതിന് പുറമെ തടവുകാരന് കൈമാറിയ രേഖകളിൽ പല പേജുകളും കാണാനില്ലെന്നും ലഭിച്ച രേഖകളിൽ പലതും വായിക്കാൻ കഴിയാത്ത അവസ്ഥയിലാണെന്നും കോടതി നിരീക്ഷിച്ചു. ഇത് ഭരണഘടന ഉറപ്പുനൽകുന്ന അവകാശങ്ങളുടെ ലംഘനമാണെന്നും കോടതി വ്യക്തമാക്കി.

സർക്കാരിനും അഡ്വൈസറി ബോർഡിനും മുന്നിൽ കൃത്യമായ പ്രാതിനിധ്യം നൽകാനുള്ള തടവുകാരൻറെ അവകാശം ഇതുവഴി ലംഘിക്കപ്പെട്ടതായും കോടതി ചൂണ്ടിക്കാട്ടി. കരുതൽ തടങ്കലിനെ ചോദ്യം ചെയ്ത് സുഗതൻ നൽകിയ അപേക്ഷ പരിഗണിക്കുന്നതിലും സർക്കാർ വീഴ്ച വരുത്തിയതായി കോടതി നിരീക്ഷിച്ചു.

# തിരുവല്ല അർബൻ ബാങ്ക് ക്രമക്കേട് ആരോപണം; സിപിഎം യോഗസ്ഥലത്ത് ഒറ്റയാൾ പ്രതിഷേധം

പത്തനംതിട്ട: തെറ്റുതിരുത്തലിൻറെ ഭാഗമായി സിപിഎമ്മിൻറെ വിപുലീകൃത ജില്ലാ കമ്മിറ്റി യോഗസ്ഥലത്ത് നാടകീയ രംഗങ്ങൾ. തിരുവല്ല അർബൻ ബാങ്ക് വായ്പ ക്രമക്കേടിലൂടെ സ്ഥലം തട്ടിയെടുത്തുവെന്ന ഗുരുതര ആരോപണവുമായി ജില്ലാ സെക്രട്ടേറിയറ്റ് അംഗത്തിനെതിരെയാണ് പാർട്ടി പ്രവർത്തകൻ ഒറ്റയാൾ പ്രതിഷേധം നടത്തിയത്.

യോഗം ആരംഭിക്കുന്നതിന് തൊട്ടുമുൻപായിരുന്നു സംഭവം. തിരുവല്ല നെടുംപ്രം സ്വദേശിയും മുൻ ബ്രാഞ്ച് സെക്രട്ടറിയുമായ ബാലകൃഷ്ണനാണ് മുതിർന്ന നേതാവ് ആർ. സനൽകുമാറിനും മുൻ ഡിവൈഎഫ്ഐ ജില്ലാ പ്രസിഡൻറ് എം.സി. അനീഷിനുമെതിരെ പ്ലക്കാർഡുമായി രംഗത്തെത്തിയത്. തിരുവല്ല അർബൻ ബാങ്ക് ഭരണസമിതിയുടെ ഭാഗമായ ഈ നേതാക്കൾ ക്രമക്കേടിലൂടെ സ്ഥലം തട്ടിയെടുത്തെന്നാണ് അദ്ദേഹത്തിൻറെ പരാതി.

പാർട്ടി ഘടകങ്ങളിൽ നിന്ന് നീതി കിട്ടാതെ വന്നതുകൊണ്ടാണ് പരസ്യപ്രതിഷേധത്തിന് ഇറങ്ങേണ്ടി വന്നതെന്ന് ബാലകൃഷ്ണൻ വ്യക്തമാക്കി. എന്നാൽ ആരോപണങ്ങൾ ആർ.സനൽകുമാർ തള്ളിക്കളഞ്ഞു. വിപുലീകൃത യോഗ ദിവസം തന്നെ ചില ക്രിമിനൽ സംഘങ്ങൾ ബാലകൃഷ്ണനെ ഉപയോഗിച്ച് ഇത് ചെയ്യിച്ചതാണെന്നാണ് പാർട്ടിയുടെ വിശദീകരണം.

# വില്ലേജ് കമ്മിറ്റി തെരഞ്ഞെടുപ്പ്; ത്രിപുരയിൽ തിപ്രമോതയുടെ തേരോട്ടം

അഗർത്തല: ത്രിപുര ട്രൈബൽ ഏരിയാസ് ഓട്ടോണമസ് ഡിസ്ട്രിക്റ്റ് കൗൺസിലിന് കീഴിലെ വില്ലേജ് കമ്മിറ്റി തെരഞ്ഞെടുപ്പിൽ തിപ്രമോതയ്ക്ക് വൻ വിജയം. 4,597 സീറ്റുകളുള്ള 587 വില്ലേജ് കമ്മിറ്റികളിലേക്കായിരുന്നു തെരഞ്ഞെടുപ്പ്. ഇതിൽ 1,644 സീറ്റുകളിൽ സ്ഥാനാർഥികൾ എതിരില്ലാതെ തെരഞ്ഞെടുക്കപ്പെട്ടു.

മത്സരിച്ച് നേടിയതും എതിരില്ലാതെ സ്വന്തമാക്കിയതുമടക്കം 3,428 സീറ്റുകളാണ് തിപ്രമോത നേടിയത്. മൊത്തം സീറ്റുകളുടെ 74.62 ശതമാനം തിപ്ര മോതയുടെ അക്കൗണ്ടിലെത്തി. 859 സീറ്റുകളുമായി ബിജെപി രണ്ടാമതെത്തി. സ്വതന്ത്രർ 173 സീറ്റുകളും സിപിഎം 87 സീറ്റുകളും നേടി. ഐപിഎഫ്ടി 33 സീറ്റുകളിലും കോൺഗ്രസ് 14 സീറ്റുകളിലും വിജയിച്ചു.

ത്രിപുരയുടെ മൂന്നിൽ രണ്ട് ഭാഗത്തോളം വരുന്ന ആദിവാസി മേഖലകളിലാണ് വില്ലേജ് കമ്മിറ്റി തെരഞ്ഞെടുപ്പ് നടന്നത്. 60 അംഗ നിയമസഭയിലേക്ക് 20 എംഎൽഎമാരെ അയയ്ക്കുന്ന മേഖല കൂടിയാണിത്. അതിനാൽ തന്നെ 2028ലെ നിയമസഭാ തെരഞ്ഞെടുപ്പിന് മുമ്പുള്ള നിർണായക രാഷ്ട്രീയ സൂചനയായാണ് ഫലം വിലയിരുത്തപ്പെടുന്നത്.

ബിജെപി നേതൃത്വം നൽകുന്ന മുന്നണിയുടെ ഭാഗമാണ് തിപ്ര മോതയെങ്കിലും വില്ലേജ് കമ്മിറ്റി തെരഞ്ഞെടുപ്പിൽ പല ഇടങ്ങളിലും ഇരു പാർട്ടികളും നേർക്കുനേർ മത്സരിച്ചു. ഏപ്രിലിൽ നടന്ന ട്രൈബൽ കൗൺസിൽ തെരഞ്ഞെടുപ്പിലും ബിജെപിയും തിപ്രമോതയും വേറിട്ടാണ് മത്സരിച്ചത്. അന്ന് 28ൽ 24 സീറ്റുകൾ തിപ്ര മോത നേടിയിരുന്നു.

2023ലെ നിയമസഭാ തെരഞ്ഞെടുപ്പിൽ കന്നിയങ്കത്തിനിറങ്ങിയ തിപ്രമോത 13 സീറ്റുകളുമായി രണ്ടാം സ്ഥാനത്തെത്തിയിരുന്നു. പിന്നീട് എൻഡിഎ സർക്കാരിൻറെ ഭാഗമായി.

# വോട്ട് മോഷ്ടിച്ച് രാജ്യത്തെ ഹൈജാക്ക് ചെയ്തു; ഇതാണോ ജനാധിപത്യം:രാഹുൽ ഗാന്ധി

ന്യൂഡൽഹി: കേന്ദ്ര സർക്കാരിനും തെരഞ്ഞെടുപ്പ് കമ്മീഷനുമെതിരെ രൂക്ഷ വിമർശനവുമായി ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി. രാജ്യത്തെ ജനാധിപത്യം പൂർണമായും തകർക്കപ്പെട്ടെന്നും ഇത് രാജ്യദ്രോഹമാണെന്നും രാഹുൽ ഗാന്ധി ആരോപിച്ചു. ചീഫ് ഇലക്ഷൻ കമ്മീഷണർ ഗ്യാനേഷ് കുമാറിനും തെരഞ്ഞെടുപ്പ് കമ്മീഷണർമാർക്കുമെതിരെ ഇന്ത്യാ സഖ്യത്തിലെ എംപിമാർ നടത്തിയ പ്രതിഷേധത്തിനിടെ മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു രാഹുൽ ഗാന്ധി.

ഗ്യാനേഷ് കുമാറിനെയും മറ്റ് രണ്ട് കമ്മീഷണർമാരെയും നേരിൽ കാണുന്നതിനായി ലോക്സഭയിലെയും രാജ്യസഭയിലെയും മുന്നൂറോളം എംപിമാർ എത്തിയെങ്കിലും പൊലിസ് തങ്ങളെ തടഞ്ഞു. തെരഞ്ഞെടുപ്പ് കമ്മീഷൻ ഓഫീസിൽ നിന്ന് ഏകദേശം 50 വാര അകലെവെച്ചാണ് ജനപ്രതിനിധികളെ തടഞ്ഞതെന്നും അദ്ദേഹം ആരോപിച്ചു.

രാജ്യത്തിൻറെ ശബ്ദത്തെയാണ് ജനപ്രതിനിധികൾ പ്രതിനിധീകരിക്കുന്നതെന്ന് രാഹുൽ പറഞ്ഞു. 300 എംപിമാർ തെരഞ്ഞെടുപ്പ് കമ്മീഷനെ കാണാൻ എത്തിയപ്പോൾ അവരെ തടയേണ്ട സാഹചര്യം എന്തായിരുന്നുവെന്ന് മനസിലാകുന്നില്ല. തെരഞ്ഞെടുപ്പ് കൃത്യമായി നടത്തുക എന്നതാണ് തെരഞ്ഞെടുപ്പ് കമ്മീഷൻറെ ചുമതല.

എന്നാൽ 300 എംപിമാർ കാണാൻ എത്തിയപ്പോൾ ഗ്യാനേഷ് കുമാർ ഭയന്നിരിക്കുകയാണെന്നും രാഹുൽ ഗാന്ധി ആരോപിച്ചു. ജനപ്രതിനിധികൾക്ക് തെരഞ്ഞെടുപ്പ് കമ്മീഷനെ കാണാൻ പോലും സാധിക്കുന്നില്ലെങ്കിൽ രാജ്യത്ത് ജനാധിപത്യത്തിന് എന്താണ് അർഥമെന്നും അദ്ദേഹം ചോദിച്ചു. പ്രധാനമന്ത്രി നരേന്ദ്ര മോദി വോട്ട് മോഷ്ടിച്ച് രാജ്യത്തെ ഹൈജാക്ക് ചെയ്തിരിക്കുകയാണ്. അമിത് ഷാ, മോഹൻ ഭാഗവത് എന്നിവർക്കൊപ്പം ഗ്യാനേഷ് കുമാറും ഇതിന് സഹായം നൽകിയെന്നാണ് രാഹുലിൻറെ ആരോപണം. രാജ്യത്തെ ജനാധിപത്യം ഇല്ലാതാക്കിയെന്ന കാര്യം രാജ്യത്തെ ജനങ്ങൾക്കും യുവാക്കൾക്കും തങ്ങളെ തടഞ്ഞ പൊലിസുകാർക്ക് പോലും ബോധ്യമുള്ള വസ്തുതയാണെന്നും രാഹുൽ ഗാന്ധി പറഞ്ഞു.

# ഇന്ത്യാ സഖ്യത്തിൻെറ പ്രതിഷേധം; ഇടത് എംപിമാരെ കസ്റ്റഡിയിലെടുത്തു

ന്യൂഡൽഹി: മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാറിൻറെ രാജി ആവശ്യപ്പെട്ട് ഇന്ത്യാ സഖ്യം ഡൽഹിയിൽ നടത്തിയ പ്രതിഷേധ മാർച്ചിനിടെ സംഘർഷം. കേരളത്തിൽ നിന്നുള്ള രാജ്യസഭാംഗങ്ങളായ എ.എ.റഹീം, ജോൺ ബ്രിട്ടാസ്, പി.സന്തോഷ് കുമാർ, വി.ശിവദാസൻ എന്നിവരെ ഡൽഹി പൊലിസ് കസ്റ്റഡിയിലെടുത്തു.

കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷൻ ആസ്ഥാനത്തേക്ക് കോൺഗ്രസിൻറെ നേതൃത്വത്തിൽ നടത്തിയ മാർച്ച് ആകാശവാണി ഭവന് മുന്നിലെത്തിയതോടെയാണ് സംഘർഷാവസ്ഥയുണ്ടായത്. തുടർന്ന് ഇവിടെ കുത്തിയിരുന്ന് പ്രതിഷേധിച്ച ഇടത് എംപിമാരെ പൊലിസ് ബലപ്രയോഗത്തിലൂടെ കസ്റ്റഡിയിലെടുക്കുകയായിരുന്നു.

തങ്ങളെ റോഡിലൂടെ വലിച്ചിഴച്ചാണ് പൊലിസ് വാഹനത്തിൽ കയറ്റിയതെന്ന് എംപിമാർ ആരോപിച്ചു. പൊലിസ് വാഹനത്തിനുള്ളിൽ തങ്ങളെ മർദിച്ചത് ഡൽഹി പൊലിസല്ലെന്നും കേന്ദ്രസേനയിൽപ്പെട്ട ഉദ്യോഗസ്ഥരാണെന്നും എ.എ.റഹീം ആരോപിച്ചു.

രാജ്യസഭാംഗത്തിന് നേരെ കേന്ദ്രസേനാംഗങ്ങൾ മർദനം നടത്തിയെന്ന ആരോപണം ഗൗരവമേറിയ വിഷയമാണെന്നും അദ്ദേഹം പറഞ്ഞു. മർദനമേറ്റ റഹീമിന് അടിയന്തരമായി വൈദ്യസഹായം നൽകണമെന്ന് കസ്റ്റഡിയിലായ ജോൺ ബ്രിട്ടാസ് എംപി പൊലിസിനോട് ആവശ്യപ്പെട്ടു. സംഭവത്തിൽ പരാതി നൽകാനും തുടർനടപടികൾ സ്വീകരിക്കാനും പ്രതിപക്ഷ സഖ്യം തീരുമാനിച്ചിട്ടുണ്ട്.

# ഭക്ഷണം നൽകാതെ തട്ടിപ്പ്; വിഷ്ണു മോഹനെ കൂത്താട്ടുകുളം പൊലിസ് ചോദ്യം ചെയ്തു

കൊച്ചി: വിവാഹ സൽക്കാരത്തിന് ഭക്ഷണം നൽകാമെന്ന് കരാറുണ്ടാക്കി ലക്ഷങ്ങൾ തട്ടിയ കേസിൽ കാറ്ററിംഗ് സ്ഥാപന ഉടമയെ കൂത്താട്ടുകുളം പൊലിസ് കസ്റ്റഡിയിൽ വാങ്ങി ചോദ്യം ചെയ്തു. കോട്ടയം കാഞ്ഞിരപ്പള്ളി ആസ്ഥാനമായി പ്രവർത്തിക്കുന്ന ഉദയം ഇവൻറ് കാറ്ററിംഗ്' ഉടമ വിഷ്ണു മോഹനനെയാണ് പൊലിസ് കസ്റ്റഡിയിലെടുത്തത്.

സമാനമായ മറ്റൊരു തട്ടിപ്പ് കേസിൽ കോട്ടയം ജില്ലാ ജയിലിൽ റിമാൻഡിൽ കഴിയുകയായിരുന്ന ഇയാളെ കൂത്താട്ടുകുളം പൊലിസ് കോടതി മുഖേന കസ്റ്റഡിയിൽ വാങ്ങുകയായിരുന്നു. പാലക്കുഴ കോഴിപ്പിള്ളി പടിഞ്ഞാറേമ്യാലിൽ സുമംഗലാദേവി നൽകിയ പരാതിയിലാണ് പൊലിസിൻറെ നടപടി. പരാതിക്കാരിയുടെ മകൻറെ വിവാഹത്തോടനുബന്ധിച്ച് ഓഗസ്റ്റ് 16ന് നടന്ന ഹൽദി ചടങ്ങിന് 150 പേർക്കും 22ലെ വിവാഹ റിസപ്ഷന് 1000 പേർക്കും ഭക്ഷണം നൽകാം എന്നായിരുന്നു പ്രതിയുമായുള്ള കരാർ.

ഇതിനായി പരാതിക്കാരിയിൽ നിന്നും മകനിൽ നിന്നുമായി ഗൂഗിൾ പേ വഴി വിവിധ ഘട്ടങ്ങളിലായി 1,35,000 രൂപ ഇയാൾ മുൻകൂറായി കൈപ്പറ്റി. എന്നാൽ ഹൽദി ചടങ്ങിന് 100 പേർക്ക് മാത്രമാണ് ഇയാൾ ഭക്ഷണം എത്തിച്ചു നൽകിയത്. തുടർന്ന് പ്രധാന വിവാഹ റിസപ്ഷന് രണ്ടു ദിവസം മാത്രം ശേഷിക്കെ ഭക്ഷണം നൽകാൻ കഴിയില്ലെന്ന് അറിയിച്ച് വിഷ്ണു പിന്മാറുകയായിരുന്നു.

മറ്റ് കാറ്ററിംഗുകാരെ ആരെങ്കിലും നോക്കിക്കൊള്ളാൻ പറഞ്ഞ് ഉത്തരവാദിത്തത്തിൽ നിന്ന് ഒഴിഞ്ഞ പ്രതി ഹൽദിക്ക് നൽകിയ ഭക്ഷണത്തിൻറെ തുകയായ 25,000 രൂപ കിഴിച്ച് ബാക്കി നൽകേണ്ട 1,10,000 രൂപ തിരികെ നൽകാതെ തട്ടിയെടുക്കുകയായിരുന്നു എന്നാണ് കേസ്. കൂത്താട്ടുകുളം സ്റ്റേഷനിൽ എത്തിച്ച് വിശദമായി ചോദ്യം ചെയ്ത ശേഷം പ്രതിയെ കോടതിയിൽ ഹാജരാക്കി വീണ്ടും റിമാൻഡ് ചെയ്തു.

## ഒഴിവ്

കഴക്കൂട്ടം വനിത സർക്കാർ ഐടിഐയിൽ കോസ്മെറ്റോളജി ട്രേഡിൽ എസ്ഐയുസി നാടാർ വിഭാഗത്തിൽപ്പെട്ട ഗസ്റ്റ് ഇൻസ്ട്രക്ടറെ നിയമിക്കുന്നു. ഇവരുടെ അഭാവത്തിൽ മുസ്ലിം/ എസ്.സി.സി.സി / ഇ.ഡബ്ല്യു.എസ് / ധീവര / എസ്.സി / ഈഴവ / ബില്ല / തിയ്യ / ഹിന്ദു നാടാർ എന്നിവരെയും ഇവരുടെയും അഭാവത്തിൽ പൊതു വിഭാഗത്തെയും പരിഗണിക്കും. ഉദ്യോഗാർഥികൾ ഒക്ടോബർ ഒൻപത് പ്രിൻസിപ്പൽ മുമ്പാകെ അഭിമുഖത്തിനായി ഹാജരാകണം. വിവരങ്ങൾക്ക്: 0471 2418317.

# പെരുമ്പാവൂരിൽ ഇടിമിന്നലേറ്റ് കുട്ടിക്ക് പൊള്ളൽ; പത്തോളം വീടുകൾക്ക് കേടുപാടുകൾ

കൊച്ചി: പെരുമ്പാവൂരിൽ ഇടിമിന്നലേറ്റ് കുട്ടിക്ക് പൊള്ളലേറ്റു. ഇന്നലെയുണ്ടായ മിന്നലിൽ പത്തോളം വീടുകൾക്കും കേടുപാടുകൾ സംഭവിച്ചു.

രാത്രി 11.30 ഓടെയുണ്ടായ ഇടി മിന്നലിൽ വെങ്ങോല പാലയ്ക്കുന്ന് സാറമ്മയുടെ വീട്ടിലെ ഫാനും സ്വിച്ചും പൊട്ടിത്തെറിക്കുകയും കട്ടിലിൽ കിടന്ന കുട്ടിയുടെ മേലേക്ക് തീപ്പൊരി വീഴുകയുമായിരുന്നു.

ഈ വീടിന് മുന്നിൽ മിന്നലിൽ ഒരു ഗർത്തവും രൂപപ്പെട്ടു. വീടിൻറെ ഭിത്തിയുടെ ഒരു ഭാഗവും തകർന്നുപോയിട്ടുണ്ട്. കൂടാതെ പത്തോളം വീടുകളിലെ ഇലക്ട്രിക് ഉപകരണങ്ങൾ നശിച്ചു. മേൽക്കൂരയുടെ ഒരു ഭാഗവും തകർന്നിട്ടുണ്ട്.